# നമ്മുടെ ഇംഗ്ലീഷുച്ചാരണം

By

A. DAS

All Rights Reserved

വില രൂ. 2.

445.2
D 26

E ST. JOSEPH'S PRESS, MANNANAM,
1961.

# നമ്മുടെ ഇംഗ്ലീഷുച്ചാരണം

By

A. DAS

445.2
D26

DHARMARAM COLLEGE LIBRARY,
34370
BANGALORE.

All Rights Reserved

With prayerful compliments from the author
Amaladas

വില രൂ. 2.

PRINTED AT THE ST. JOSEPH'S PRESS, MANNANAM,
1961.

1

നമ്മുടെ ഇംഗ്ലീഷുച്ചാരണം
ഒന്നാം പതിപ്പ്
1961.

കോപ്പി
ആയിരം

കോപ്പികൾക്കാവശ്യപ്പെടേണ്ട മേൽവിലാസം:-

Deepika
Book House
Kottayam.

A. DAS,
I. E. M. SCHOOL,
MUSGUTRI, P.O.
~~P. O. KURROG,~~
DT. RAIGARH, M. PRALESH.

# അവതാരിക

സർവ്വമംഗളങ്ങളും ആശംസിച്ചുകൊണ്ട് ഞാൻ ഈ പുസ്തകത്തിനു സ്വാഗതം പറഞ്ഞുകൊള്ളുന്നു. കഴിഞ്ഞ അൻപതു വർഷങ്ങൾക്കിടയിൽ ഇംഗ്ലീഷ് ഭാഷയുടെ അദ്ധ്യാപനം അധഃപതിച്ചുകൊണ്ടിരിക്കയാണ്. ഇപ്പോഴത്തെ ഇംഗ്ലീഷ് അദ്ധ്യാപകന്മാരിൽപ്പോലും പലരും ഇംഗ്ലീഷ് വാക്കുകൾ ശരിയായി ഉച്ചരിക്കുന്നവരല്ല. ഉദാ: ഒരു B. A., L. T. ക്കാരനും സമർത്ഥനുമായ ഒരദ്ധ്യാപകൻ എഴുതിയ ഒരു മലയാളം പുസ്തകത്തിൽ ഇംഗ്ലീഷിലെ "Knot" എന്ന വാക്ക് "ക്നോട്ട്" എന്ന് എഴുതിയിരിക്കുന്നതായി കണ്ടു. ഇങ്ങനെ ഇംഗ്ലീഷ് വാക്കുകളുടെ അപശബ്ദങ്ങൾക്ക് അനവധി ഉദാഹരണങ്ങൾ പറയാം. ഈ നിഘണ്ടുവിന്റെ കർത്താവ് പല അപശബ്ദങ്ങളും ചൂണ്ടിക്കാണിച്ചിട്ടുള്ളതിനാൽ കൂടുതൽ ഉദാഹരണങ്ങൾ പറയണമെന്നില്ലല്ലോ.

സാധാരണ ഇംഗ്ലീഷ് ശബ്ദങ്ങൾ ഇംഗ്ലീഷ് അറിയാമെന്ന് അഭിമാനിക്കുന്നവർ യൂറോപ്പിലെ മററു ഭാഷകളിലുള്ള വ്യക്തിസംജ്ഞകൾ തെററിച്ചു പറയുകയും എഴുതുകയും ചെയ്യുന്നതിൽ വിസ്മയിക്കാനില്ലല്ലോ? ഇങ്ങനെയുള്ള സംജ്ഞകൾ എല്ലാ വർത്തമാനപ്പത്രങ്ങളിലും ഒരേ വിധത്തിലല്ല കാണപ്പെടുന്നതു്. പല പത്രങ്ങളും വായിക്കുന്നവർക്ക് ഒരാളിന്റെ സാക്ഷാൽ പേരു് എന്താണെന്നു നിശ്ചയമില്ലാതെയും വരാറുണ്ട്.

ഈ ദോഷങ്ങൾ പരിഹരിക്കുന്നതിനായി ഒരേ വ്യക്തിസംജ്ഞ എല്ലാ മലയാളം പത്രങ്ങളിലും ഒരേ വിധത്തിൽ (ശരിയായിട്ടുള്ള) വരുന്നതിനും വേണ്ട വല്ല മാർഗ്ഗവും പത്രപ്രവർത്തകർ കണ്ടുപിടിച്ചാൽ കൊള്ളാമെന്ന് സൂചിപ്പിച്ചുകൊണ്ട് മുൻപൊരിക്കൽ ഞാനൊരു ലേഖനം പ്രസിദ്ധം ചെയ്തിരുന്നതായി ഓർക്കുന്നുണ്ട്. ഗ്രന്ഥകാരന്റെ ഈ നിഘണ്ടു വ്യക്തിസംജ്ഞകളുടെ ഉച്ചാരണത്തിൽ ഐകരൂപ്യം വരുത്തുന്നതിനു് ഒരു മാർഗ്ഗം ആണ്. ഫ്രെഞ്ച്, ജർമ്മൻ, പോർട്ടുഗീസ്, സ്പാനിഷ് മുതലായ യൂറോപ്യൻ ഭാഷകളിലെ വ്യക്തിസംജ്ഞകളുടെ ശരിയായ ഉച്ചാരണങ്ങളും അദ്ദേഹം കൊടുത്തിട്ടുണ്ട്.

ലേഖകന്റെ ഈ പ്രയത്നത്തിനു സകല വിജയവും ഞാൻ ആശംസിച്ചുകൊള്ളുന്നു.

ഐ. സി. ചാക്കോ,
കെ. എസ്. ജി., ബി. എസ്സ്സി (ലണ്ടൻ), ബി. എ.,
എ. ആർ. എസ്. എം., എ. ആർ. സി. എസ് (ലണ്ടൻ),
റിട്ട: വ്യവസായ ഡയറക്ടർ,
(തിരുവിതാംകൂർ)

പുളിങ്കുന്ന്,
15 – 5 – 1961.

കടിച്ചാൽ മുറിവുതട്ടിയേക്കുമെന്നും ഭയന്ന് എത്രമാത്രം ശ്രദ്ധയോടെയാണ് കടിച്ചെടുത്തുകൊണ്ടുപോകുന്നതു് അത്ര ശ്രദ്ധയോടെയാണ് ഓരോ വർണ്ണത്തേയുമുച്ചരിക്കേണ്ടതു് എന്ന ഉപദേശം എത്ര അർത്ഥവത്താണ്?

ചില സുപ്രസിദ്ധ വ്യക്തിസംജ്ഞകളുടെ ഉച്ചാരണം മൂലഭാഷയിലും ഇംഗ്ലീഷിലും ഒരേതരത്തിലല്ല. ഈ കൃതിയിലും ഈ വ്യത്യാസം കണ്ടെന്നുവരാം. ചില ശബ്ദങ്ങൾക്കു ഒന്നിലധികമുച്ചാരണങ്ങളുണ്ടെങ്കിലും അതെല്ലാം ഇതിൽ കൊള്ളിച്ചിട്ടില്ല.

ഈ കൃതി കയ്യെഴുത്തുപ്രതിയായിരുന്നപ്പോൾതന്നെ കണ്ടു് ഇതു പ്രസിദ്ധീകരിക്കുന്നതിനു വേണ്ട പ്രോത്സാഹനംതന്ന് ഇതിനൊരവതാരികയുമെഴുതിത്തന്ന എന്റെ സുഹൃത്തു് ശ്രീ ഐ. സി. ചാക്കോയോടുള്ള എന്റെ ആധമർണ്ണ്യം ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

അവസാനമായി അനുവാചകരോടു് എനിക്കു പറയുവാനുള്ളതിതാണു്:

അദൃഷ്ടദോഷാത് സ്മൃതിവിഭ്രമാച്ച
യദർത്ഥഹീനം ലിഖിതംമയാത്ര
തത്സർവ്വമാര്യൈ്യപരിശോധനീയം
പ്രായേണമുഹ്യന്തിഹിയേലിഖന്തി

എ. ദാസ്

# ശുദ്ധിപത്രം

| പുറം | കോളം | വരി | അബദ്ധം | സുബദ്ധം |
|---|---|---|---|---|
| 1 | | 21 | നിഘണ്ഡു | നിഘണ്ടു |
| 1 | | 27 | തിരുവിാംകൂറിലെ | തിരുവിതാംകൂറിലെ |
| 2 | 2 | 15 | നിഘണ്ഡുവിൽ | നിഘണ്ടുവിൽ |
| 10 | | 32 | ഉച്ചരിക്കേണ്ട | ഉച്ചരിക്കേണ്ടതു് |
| 12 | 2 | 7 | പ്രൈവിററ് | പ്രൈവ്(ഫി)ററ് |
| 15 | 2 | 25 | പ്രോസീഡ്സ് | പ്രോസീഡ്സ്(z) |
| 16 | 2 | 28 | ഈത്ഓ(ള)പ്യ | ഈത്(ഹ്)യോ(ള)പ്യ |
| 20 | 3 | 5 | വിസാഡ് | വിസാർഡ് |
| 20 | 2 | 20 | ഇൻത്(ഹ്യൂ)ത്യൂസി | ഇൻത്(ഹ്യൂ)സി |
| 20 | 2 | 22 | എൻത്(ഥൂ)തൂസി | എൻത്(ഥൂ)സി |
| 20 | 1 | 24 | IcOnoclas | IcOnoclasm |
| 23 | | 19 | കൂടിയ é | കൂിയ é |
| 23 | | 21 | അന്ത്യത്തിലോ | അവസാനത്തിലോ |
| 23 | 2 | 27 | ഇലേക്ററിക് | ഇലേക്ററ്റിക് |
| 24 | | 23 | അന്ത്യത്തിലുമല്ലാത്ത | അവസാനത്തിലുമല്ലാത്ത |
| 25 | 1 | 22 | Modest | MOdest |
| 31 | 2 | 19 | റേസ്റ്ററോ(ങ്) | റേസ്റ്ററാ(ങ്) |
| 32 | | 19 | ഇവയിലെ é | ഇവയിലെ é |
| 32 | 2 | 29 | കേയ്ർലിസ് | കേയ്(ർ)ലിസ് |
| 32 | 1 | 30 | AgeIess | Ageless |
| 33 | 2 | 29 | മ:ദ(ർ)സ | മ:ദ(ർ)സ് |
| 37 | | 4 | അനുബന്ധം LXI | അനുബന്ധം CXXXI |
| 38 | 2 | 9 | ഈവ്(ഫ)നിങ് | ഈവ്(ഫ്)നിങ് |
| 41 | 1 | 32 | PreEjudice | PrEjudice |
| 64 | | 25 | വാക്കുകളെ | ചില വാക്കുകളെ |
| 66 | | 32 | വ്യഞ്ജനങ്ങയെയും | വ്യഞ്ജനങ്ങളെയും |
| 76 | 1 | 1 | AcqiEsce | AcquiEsce |
| 76 | 1 | 1 | Adolescence | AdolEscence |
| 76 | | 36 | NEseince | NEscience |
| 76 | | 36 | OmnIsceince | OmnIscience |
| 77 | | 7 | സ്ഫോടന | സ്‌ഫോടന |
| 77 | (അവസാനം) | | സ്പൃശിച്ചുകൊണ്ടു് | സ്പൃശിപ്പിച്ചുകൊണ്ടു് |
| 79 | | 18 | വാക്കുകളിലെ z നു് | വാക്കുകളിലെ "s" നു് |
| 80 | 2 | 39 | ഇൻഡൈറററ്മെൻറ് | ഇൻഡൈററ്മൻറ് |

| പുറം | കോളം | വരി | അബദ്ധം | സുബദ്ധം |
|---|---|---|---|---|
| 89 | 2 | 23 | ജാവെയ് | ജാവ്(ഫെ)യ് |
| 90 | 2 | 3 | ജോ(ഉ)നാസ് | ജോ(ഉ)നസ് |
| 91 | 2 | 21 | സമവ്(ഫി)ൻ | സമവ്(ഫി)ൽ |
| 91 | 2 | 22 | സ്റ്റ്(ആയ്)നിസ്ലസ് | സ്റ്റ്(ആ്യ്)നിസ്ലസ് |
| 91 | 3 | 11 | റെമെയോ | റൊമെയോ |
| (അനുബന്ധം) | | | | |
| I | (അടിക്കുറിപ്പ്) | 2 | Abbe | Abbé |
| III | | 31 | അബിത്താവിത്ത് | അബിത്താവ്(ഫി)ത് |
| IV | | 27 | Cecilia | Caecilia |
| IV | 2 | 31 | ഏത്ത്താത്തിസ് | ഏത്താത്തിസ് |
| VIII | 2 | 18 | ദെനോവോ | ദെനോവ്(ഫൊ) |
| XIV | 2 | 10 | പ്രിൺചിപിള | പ്രിൺചീപിഇ |
| XVII | 2 | 20 | ഉൾത്തിമാത്തിം | ഉൾത്തിമാത്തും |
| XVIII | 2 | 6 | വ്(ഫീ)ങ്കുളം | വ്(ഫീ)ങ്ളും |
| XVIII | 2 | 9 | വ്(ഫീ)രുസ് | വ്(ഫീ)രുസ് |
| XVIII | 2 | 17 | വോച്ചെ | വ്(ഫോ)ച്ചെ |
| XIX | No. XXIV | 27 | വെർദീച്ചൊ | വ്(ഫെ)ർദീച്ചൊ |
| XXXVII | | 22 | ബേ്(ഉ)ങ് | ബോ(ഉ)(ങ്) |
| XXXVIII | | 34 | ശബ്ദാന്തത്തിലും | ശബ്ദാരംഭത്തിലും |
| XXXVIII | | 17 | Esforçe | Esforço |

ഈ പുസ്തകത്തിൽ അങ്ങിങ്ങായി 'നിഘണ്ടു' എന്ന വാക്കിനെ നിഘണ്ഡു എന്നടിച്ചുപോയിട്ടുണ്ട്. അനുവാചകൻ 'നിഘണ്ടു' എന്നു തിരുത്തി വായിക്കുക.

# ശുദ്ധിപത്രം (തുടർച്ച)

| പുറം. | കോളം. | വരി. | അബദ്ധം. | സുബദ്ധം. |
|---|---|---|---|---|
| 11 | 2 | 3 | വേ്(ഫ)സ്റ്റിജ് | വ്(ഫേ)സ്റ്റിജ് |
| 22 | 2 | 32 | ഇക്ലീസി(ആ്യ്) സ്റ്റീക്കൽ | സ്റ്റിക്കൽ |
| 28 | 2 | 17 | ഡിഫേഷൻസി | ഡിഫീഷൻസി |
| 30 | 1 | 35 | PerservAtion | PreservAtion |
| 30 | 2 | 35 | പ്രെസെ(ർ)വ്(ഫേ) ഷ്ൻ | പ്രെസ(ർ)വ്(ഫേ) യ്ഷ്ൻ |
| 3 | 2 | 25 | റേവ്(ഫ)(വെ്(ഫാ) ക്കബ്ൾ | റേവ്(ഫ)(ഫൊ) ക്കബ്ൾ |
| 37 | 2 | 24 | അ്(യ്)ൻറീസ്റ്റ്റഫി | (അ്യ്)ൻ |
| 37 | 3 | 25 | അപ്പസ്റ്റ്റോപ്പി | അപ്പസ്റ്റ്റോഫി |
| 40 | 2 | 10 | ഇൻവേ്(ഫ്)യ്ഴ് ഷൻ | ഇൻവ്(ഫേ)യ്ഷ്ൻ |
| 56 | 2 | 2 | ഡിമോളീഷ് | ഡിമോളിഷ് |
| 61 | 2 | 2 | കോൺട്രീബ്യൂഷ്ൻ | കോൺട്രിബ്യൂഷ്ൻ |
| 61 | 2 | 18 | (ആയ്)ൻഷൽ | (ആ്യ്)ൻഷ്ൽ |
| 68 | 3 | 13 | ഡിന്നെർ | സിന്നെർ |
| 68 | 2 | 14 | സ്വിമിങ് | സ്വീമിങ് |
| 68 | 2 | 21 | ഓക്യ്രൂളിസ്റ്റ് | ഓക്യൂളിസ്റ്റ് |
| 68 | 2 | 23 | വേ്(ഫാ)(ഉ)ക്കൽ | വ്(ഫോ)(ഉ)ക്കൽ |
| 70 | 2 | 16 | കഃജൽ | കഃജ്ൽ |
| 71 | 2 | 3 | അജ്ജൂഡിക്കയ്റ്റ് | അജ്ജൂഡിക്കെയ്റ്റ് |
| 74 | 2 | 5 | കാദ്ര | ക്വാദ്ര |
| 74 | 3 | 9 | ക്വാഡ്റുവ്വിഡ് | ക്വാഡ്റുപെഡ് |
| 76 | 3 | 2 | അക്വിയേഷ | അക്വിയേഷ് |
| 76 | 2 | 5 | ലേസൻസ് | ലേസ്ൻസ് |
| 76 | 2 | 17 | ഇറ്(ആയ്) | ഇറ്(ആ്യ്) |
| 82 | 2 | 6 | സേപൽക്ക(ർ) | സേപ്ൽക്ക(ർ) |
| 85 | 2 | 7 | ബ്(ആയ്)ഷ് | ബ്(ആ്യ്)ഷ് |
| 81 | 2 | അവസാനം | (ആയ്)റി | (ആ്യ്)റി |
| 87 | 2 | 35 | ക്(ആയ്)ൽ | ക്(ആ്യ്)ൽ |

അനുബന്ധം

| | | | | |
|---|---|---|---|---|
| VIII | 2 | 32 | ഡിസ്ജേങ്ക്റ്റ | ഡിസ്ജേക്റ്റ |
| X | 2 | 12 | ഇൻഏസി | ഇൻഏസ്സ്യെ, [ഇൻഏസി] |
| XII | 1 | 18 | Mutandi | Mutandis |

| പുറം. | കോളം. | വരി. | അബദ്ധം | സുബദ്ധം. |
|---|---|---|---|---|
| XIII | 2 | 28 | പാസ്സിം | പാസ്സിം[പ് (ആ്യ്)സിം] |
| XIII | 2 | 38 | പെക്കാവി | പെക്കാവ്(ഫി) |
| XIV | 2 | 12 | പീങ്ക്ലിത് | പീങ്ക്ലിത്, പിങ്ക്ലേരുന്ത് |
| XVI | 2 | 5 | [സികോൻററീസ്, സികോൻഷിഅ] | [സികോൻഷിഅ, സികോൻററീസ്] |
| XVI | 2 | 28 | വോച്ചെ | വ്(ഫോ)ച്ചെ |
| XVII | 2 | 2 | റൈറപി | റെറപ്പി |
| XVII | 2 | 38 | വ്(ഫൈ)മീ | വ്(ഫൈ)അമീ |
| XVIII | 2 | 12 | വ്(ഫീ) | വ്(ഫീ)വ്(ഫ) |
| XXII | 1 | 38 | ജൊവാന്നി | ജൊവ്(ഫാ)ന്നി |
| XXIV | 3 | 28 | റിലിഷ്വൊ | റിലിഷ്വ്(ഫൊ) |
| XXVI | അടിക്കുറിപ്പ് | 6 | വീവെരെ | വ്(ഫീ)വ്(ഫെ)രെ |
| XXVI | അവസാനവരി | | CXLV | CXXXV |
| XXVII | | 3 | Heceho | Hecho |
| XXXV | | 7 | ലെ(ം) | ലെ(ങ്) |
| XXXV | | 15 | ഇഷ്പേസീ | ഇഷ്പേസിഫ |
| XXXVIII | | 21 | ദിഷ്കാലസ്യ | ദിഷ്കാല്സ്യ |
| XXXIX | | 1 | ഏതെങ്കിലും പൂൎവ്വവും | ഏതെങ്കിലും വ്യഞ്ജനം പൂൎവ്വവും |
| XXXIX | | 30 | അനുച്ചരിതങ്ങായ | അനുച്ചരിതങ്ങളായി |
| XLII | | 6 | Accent | (Accent |
| XLIV | | 16 | മന്നല്ല | ഒന്നല്ല |
| XLVIII | | 17 | ബ്ള(ഉ) | ബ്ള്(ഉ) |
| XLIX | | 23 | ദിസി | ദ്സി |
| L | അവസാനം | | പ്(ആ്യ്)(ങ) | പ്(ആ്യ്)(ങ്) |

53 മുതൽ 57 വരെയുള്ള നമ്പറുകളിൽ ഉദാഹരണങ്ങളായി കാണിച്ചിട്ടുള്ള വാക്കുകളിലെ (പേജ് 39, 40 രണ്ടാം കോളം) "ഷൽ" "ഷൻ" ഇവയെ തിരുത്തി "ഷ്ൽ" "ഷ്ൻ" എന്നു വായിക്കേണ്ടതാണ്.

# നമ്മുടെ ഇംഗ്ലീഷുച്ചാരണം

മലയാളികളുടെ ഇംഗ്ലീഷുച്ചാരണത്തിന് വളരെ മലയാളത്വമുണ്ടെന്ന് കേരളീയരല്ലാത്ത പലരും പറഞ്ഞുകേൾക്കുവാൻ ഈ ലേഖകനിടയായിട്ടുണ്ട്. ഈ ന്യൂനത ഹൈസ്ക്കൂളിലെ അദ്ധ്യയനഭാഷ ഇംഗ്ലീഷ് ആയിരുന്നപ്പോൾതന്നെ ഉണ്ടായിരുന്നതാണ്. ആ സ്ഥാനത്തു് മാതൃഭാഷയെ സ്വീകരിച്ചിരിക്കുന്ന ഇപ്പോഴത്തെ സ്ഥിതിയെപ്പററി 'കുരുനിന്മേൽ കുരു' എന്നല്ലാതെ എന്തു പറയേണ്ടു! ഇപ്പോഴത്തെ "മററിംഗ്ലീഷു"കാരുടെ പരിതാപകരമായ അവസ്ഥയെപ്പററി ഏവക്കുമറിയാവുന്നതാണല്ലോ. *

മലയാളികളുടെ ഇംഗ്ലീഷുച്ചാരണ വൈകല്യത്തിന് പല കാരണങ്ങളുണ്ട്. ഹൈസ്ക്കൂളുകളിലും കോളജ്ജുകളിലും പഠിപ്പിക്കുന്ന മിക്ക അദ്ധ്യാപകരും ഇംഗ്ലീഷു പാഠങ്ങൾ പഠിപ്പിക്കുമ്പോൾ സാധാരണയായി അത്ഥം മനസ്സിലാക്കിക്കൊടുത്തുകൊണ്ടു മാത്രം തൃപ്തിപ്പെടുന്നു. ഉച്ചാരണത്തിന്റെ കാൎയ്യത്തിൽ അദ്ധ്യാപകരോ വിദ്യാത്ഥികളോ യാതൊരു ശ്രദ്ധയും പതിക്കാറില്ല. ഇപ്പോൾ ഹൈസ്ക്കൂൾ വിദ്യാഭ്യാസം കഴിഞ്ഞു പുറത്തു വരുന്ന വിദ്യാത്ഥികളിലധികപങ്കം "Accent" എന്ന ഇംഗ്ലീഷ് വാക്കു കേട്ടിട്ടുപോലുമില്ല!! സാമാന്യേന ഇംഗ്ലീഷ് വാക്കിനു സ്വരിതമായ ഒരു വൎണ്ണം അഥവാ ശബ്ദാംശം "Accented Syllable" ഉണ്ടെന്നുള്ള വസ്തുത അദ്ധ്യാപകരും വിദ്യാത്ഥികളും വിസ്മരിച്ചുകളയുന്നു. ഹൈസ്കൂൾ വിദ്യാത്ഥികളുടെ കാൎയ്യം പോകട്ടെ; കോളജ്ജുവിദ്യാഭ്യാസം പ്രശസ്തമായി പൂൎത്തിയാക്കി ഉന്നതബിരുദധാരികളായി പുറത്തു വന്നിട്ടുള്ളവരിൽ പലക്കും നിഘണ്ടു ഉപയോഗിക്കേണ്ട വിധമോ, ശരിയായ ഉച്ചാരണം കണ്ടുപിടിക്കുവാനുള്ള മാൎഗ്ഗമോ അറിഞ്ഞുകൂടാ എന്നു പറയുന്നതിലല്പംപോലും അതിഭാവനയില്ല. ഉപയോഗിക്കയാണെങ്കിൽതന്നെ കഷ്ടിച്ച് വാക്കിന്റെ അത്ഥമെന്തെന്നു മാത്രമേ അവർ നോക്കാറുള്ളു. കോളജ്ജു വിദ്യാർത്ഥികളെപ്പററി പറയുകയിൽ ഓൎമ്മയിൽ വരുന്ന ഒരു സംഗതി ഇവിടെ കുറിക്കുന്നതു് അസംഗതമായിരിക്കുകയില്ലെന്നു വിശ്വസിക്കുന്നു. തിരുവിാംകൂറിലെ ഒരു പ്രശസ്ത കോളജിൽ പഠിച്ചു് ഉന്നത ബിരുദവും സമ്പാദിച്ചുകൊണ്ടു് അദ്ധ്യാപകവൃത്തിക്കായി സിലോണിൽ ചെന്ന ഒരു മാന്യ

* ഇതിലെ ചില ഭാഗങ്ങൾ "അപ്നാദേശ്" വാരികയിൽ "നമ്മുടെ ഇംഗ്ലീഷുച്ചാരണം" എന്ന ശീഷകത്തിൽ, ജെ. എം. ഡി. എന്ന തൂലികാനാമത്തോടുകൂടി പ്രസിദ്ധപ്പെടുത്തിയിരുന്നതാണ്.

ന്നെ ഉച്ചാരണവൈകല്യം നിമിത്തം വിദ്യാർത്ഥികൾ വെറുക്കുകയും ഹാസ്യരൂപേണ "മിസ്റ്റർ വാട്ടർ വാഷ്" എന്നു വിളിക്കയും ചെയ്തിരുന്നു. Water, Wash മുതലായ വാക്കുകളെ തെററായി 'വാട്ടർ' 'വാഷ്' എന്നുംമററുമുച്ചരിക്കുക പതിവായിരുന്നതുകൊണ്ടാണു് അദ്ദേഹത്തിനു് ആ 'ഓമനപ്പേരു' ലഭിക്കുവാനിടയായതു്.

ഭാരതീയ ഭാഷകളെ അപേക്ഷിച്ചു് ഇംഗ്ലീഷ്, ഫ്രെഞ്ചു് മുതലായ പാശ്ചാത്യഭാഷകളുടെ ഉച്ചാരണസിദ്ധിക്കായി പ്രത്യേക പഠനവും പ്രയത്നവുമാവശ്യമാണു്. ഓരോ വാക്കിൻെറയും വർണ്ണങ്ങളും ഉച്ചാരണവും വിഭിന്നമാണു്. അതായതു്, എഴുതുന്നതൊരുവിധത്തിൽ ഉച്ചരിക്കുന്നതു മറെറാരു വിധത്തിൽ. ആംഗലഭാഷയെപ്പററി പറയുകയാണെങ്കിൽ "ഇംഗ്ലീഷിൽ ഔത്സർഗികമായ ചില ഉച്ചാരണ നിയമങ്ങളുണ്ടെങ്കിലും അവയ്ക്കു് അപവാദങ്ങൾ വളരെയുണ്ടു്......... ഉച്ചാരണവിഷയത്തിൽ ഇംഗ്ലീഷ് ഭാഷയെപ്പോലെ രൂപംകെട്ട ഭാഷ വേറെയുണ്ടെന്നു തോന്നുന്നില്ല." * ഓരോ വാക്കിൻെറയും ഉച്ചാരണം വിവിധ ചിഹ്നങ്ങളുടെ സഹായത്തോടുകൂടി നിഘണ്ടുവിൽ അടയാളപ്പെടുത്തിയിട്ടുണ്ടു്. ഉച്ചാരണാർത്ഥം നിഘണ്ടു ഉപയോഗിക്കുന്നവർ ഈ ചിഹ്നങ്ങളുടെ ഉപയോഗമെന്തെന്നും ഉച്ചാരണമെങ്ങനെയെന്നും അറിഞ്ഞിരിക്കേണ്ടതു് അത്യാവശ്യമാണു്. ഇംഗ്ലീഷ് ഭാഷയെ സംബന്ധിച്ചിടത്തോളം ഈ ചിഹ്നങ്ങളെ യഥാതഥം ഉപയോഗിക്കുവാനറിഞ്ഞുകൂടാ എന്നതു് മലയാളികളുടെ ഇംഗ്ലീഷുച്ചാരണവൈകല്യത്തിൻെറ ഒരു മുഖ്യ കാരണമാണു്. നിഘണ്ടുവിൻെറ നിത്യോപയോഗം മാത്രമേ ഉച്ചാരണവിഷയത്തിലല്ലമെങ്കിലും സഹായകമാകുവാൻ സാധിക്കുകയുള്ളുവെന്നു് അനുഭവസ്ഥർക്കറിയാം.

ശുദ്ധോച്ചാരണസിദ്ധിക്കായി ഏതു നിഘണ്ടുവാണു് ഏററവുമുപയോഗപ്രദമായിട്ടുള്ളതെന്നു് ചില വിദ്യാർത്ഥികൾ ചോദിച്ചേക്കാം. അനവധി ഇംഗ്ലീഷ് കോശങ്ങൾ പ്രചാരത്തിലിരിക്കുമ്പോൾ ഇതു് ഒരു വിഷമപ്രശ്നമായി പലക്കും തോന്നിയേക്കാം. ഏതൊരു നിഘണ്ടുവിൻെറ പ്രസാധനത്തിലും പ്രസാധകക്കു വിവിധ ലക്ഷ്യങ്ങളുണ്ടായിരിക്കുന്നതാണു്. അതിനാൽ എല്ലാ നിഘണ്ടുവും ഉച്ചാരണവിഷയത്തിൽ സംതൃപ്തികരമായിരിക്കയില്ല. എന്നാൽ ഈ വിഷയത്തിൽ പരിപൂർണ്ണതൃപ്തിയെ പ്രദാനം ചെയ്യുന്ന ഒരു കോശം ഇംഗ്ലീഷിലുണ്ടു്. ഉച്ചാരണത്തെ പരിചേരമം ലക്ഷ്യമാക്കിക്കൊണ്ടു് "An English Pronouncing Dictionary" എന്ന അഭിധാനത്തിൽ 1917–ൽ ഇതു് ഇംഗ്ലണ്ടിൽ പ്രസിദ്ധീകൃതമായി. ഇതിനകം അനവധി മുദ്രണങ്ങൾക്കു വിധേയമായിട്ടുള്ള ഈ അമൂല്യ ഗ്രന്ഥത്തിൻെറ കർത്താവു് ഇംഗ്ലീഷുച്ചാരണത്തിൽ അദ്വിതീയ പ്രാമാണ്യമുള്ളവനെന്നു് അന്തർദേശീയ ഖ്യാതി സമ്പാദിച്ചിട്ടുള്ള Daniel Jones ആണു്. ശുദ്ധോച്ചാരണം

---

* (ഐ. സി. ചാക്കോ) "ചില ശബ്ദങ്ങളും അവയുടെ രൂഢാർത്ഥങ്ങളും" പുറം 112.

മാത്രം ഇതിൻെറ ലക്ഷ്യമായിരിക്കുന്നതിനാൽ, വാക്കുകളുടെ അർത്ഥങ്ങളോ പ്രയോഗരീതിയോ ഒന്നും ഇതിലില്ല. മാത്രമല്ല, 13,900-ൽ പരം സ്ഥലപുരുഷസംജ്ഞകളും ഈ കോശം ഉൾക്കൊള്ളുന്നുവെന്നതു് ഇതര ഇംഗ്ലീഷ് കോശങ്ങളെ അപേക്ഷിച്ച് ഇതിനുള്ള ഒരു വിശേഷതയാണു്.

ഈ നിഘണ്ഡുവിൽ ഉച്ചാരണത്തെ അടയാളപ്പെടുത്തിയിരിക്കുന്നതു് Oxford Pocket Dictionary യിലടയാളപ്പെടുത്തിയിരിക്കുന്ന വിധത്തിലല്ല. വാക്കിനുശേഷം അതിൻെറ ഉച്ചാരണത്തെ അന്തർദേശീയോച്ചാരണ ചിഹ്നങ്ങളുടെ (International Phonetic Symbols) സഹായത്തോടുകൂടിയാണ് അടയാളപ്പെടുത്തിയിരിക്കുന്നതു്. ഇവ രണ്ടും തമ്മിലുള്ള മറെറാരു വ്യത്യാസമിതാണ്: Oxford Pocket Dictionary-യിൽ സ്വരാഘാതത്തെ (accent) അടയാളപ്പെടുത്തിയിരിക്കുന്നതു് സ്വരിതാംശത്തിൻെറ (Accented Syllable) അവസാനത്തിലും Daniel Jones-ൻെറ നിഘണ്ഡുവിൽ സ്വരിതാംശത്തിൻെറ ആദിയിലുമാണ്. ഉച്ചാരണ ശാസ്ത്രത്തിൽ നല്ല പരിചയം സിദ്ധിച്ചിട്ടില്ലാത്ത വിദ്യാർത്ഥികൾക്ക് ഈ നിഘണ്ഡു അത്ര ആകർഷകമായി തോന്നിയില്ലെന്നുവരാം. Oxford Pocket Dictionary ഉപയോഗിക്കുന്ന വിദ്യാർത്ഥികൾ നിഘണ്ഡുവിൻെറ vii–ix പുറങ്ങളിൽ കൊടുത്തിട്ടുള്ള ഉച്ചാരണപദ്ധതിയെ (Phonetic Scheme) സംബന്ധിച്ച ലേഖനം അവശ്യം വായിച്ചിരിക്കേണ്ടതാണ്. ഈ പദ്ധതിയെ മനസ്സിലാക്കാതെ ഉച്ചാരണം കണ്ടുപിടിക്കുവാൻ ശ്രമിക്കുന്നതു് കഥയറിയാതെ ആട്ടം കാണാൻ പോകുന്നതുപോലെയിരിക്കും. Daniel Jones-ൻെറ നിഘണ്ഡു ഉപയോഗിക്കുന്ന വിദ്യാർത്ഥികൾ "Explanations" എന്ന ശീർഷകത്തിൽ xiii–xxv വരെയുള്ള പുറങ്ങളിലെ വിശദീകരണത്തെ വായിച്ചു ഗ്രഹിച്ചിരിക്കേണ്ടതാണ്. എന്നാൽ ഇംഗ്ലീഷുച്ചാരണത്തിൻെറ പൂർണ്ണജ്ഞാനത്തിനായി Daniel Jones-ൻെറ "An Outline of English Phonetics" എന്ന അമൂല്യ ഗ്രന്ഥം വായിച്ചിരിക്കണം. ചില വാക്കുകളുടെ ശുദ്ധമായ ഉച്ചാരണത്തെ സമ്പാദിക്കേണ്ടതു് ഉച്ചാരണജ്ഞാനമുള്ളവരിൽനിന്നു് ശ്രവിച്ചാണെന്നാണ് (*) Daniel Jones-ൻെറ അഭിപ്രായം. ഇംഗ്ലീഷ് ഭാഷയിൽ 26 അക്ഷരങ്ങളെ ഉള്ളുവെങ്കിലും ഈ അക്ഷരങ്ങൾ ചേർന്നുള്ള എല്ലാ ഇംഗ്ലീഷ് വാക്കുകളുടെയും ശരിയായ ഉച്ചാരണം എല്ലാസ്സോഴും സുകരമല്ല. മലയാളത്തിൽ നമുക്ക് അൻപത്തിയാറിൽപരം അക്ഷരങ്ങളുണ്ടെങ്കിലും ഇംഗ്ലീഷുൾപ്പെടെയുള്ള ചില പാശ്ചാത്യഭാഷകളുടെ ശരിയായ ഉച്ചാരണത്തെ മലയാളത്തിലേക്കു പകർത്തിക്കാണിക്കുവാൻ പര്യാപ്തമായ ലിപികൾ നമുക്കില്ല. ഭാഷാപണ്ഡിതന്മാർ നിർദ്ദേശിക്കാറുള്ളതുപോലെ കൃത്രിമ ലിപികളോ മാർഗ്ഗങ്ങളോ കണ്ടുപിടിച്ചാൽ ഒരു

---

* Cf. "An Outline of English Phonetics" (Daniel Jones) പുറം 9 no. 45.

പക്ഷേ ഈ ന്യൂനതയെ പരിഹരിക്കുവാൻ സാധിച്ചേക്കാം. പാശ്ചാത്യഭാഷോച്ചാരണത്തെ മലയാളത്തിൽ എഴുതിക്കാണിക്കുവാൻ പ്രയാസമുണ്ടെങ്കിലും ഒരു മലയാളിക്ക് ശരിയായി ഉച്ചരിക്കുവാൻ പ്രയാസമുള്ള ശബ്ദങ്ങളോ ഭാഷകളോ വളരെ ചുരുങ്ങിയിരിക്കുമെന്നാണ് ഈ ലേഖകന്റെ അഭിപ്രായം. മലയാളഭാഷയിലെ "ഴ" എന്ന അക്ഷരത്തെ ശരിയായി ഉച്ചരിക്കുവാൻ ഭഗീരഥപ്രയത്നം ചെയ്തിട്ടും തോൽവിയടഞ്ഞിട്ടുള്ള ചില പാശ്ചാത്യരെ ഈ ലേഖകനറിയാം. കേരളീയരുടെ ഇംഗ്ലീഷുച്ചാരണത്തിലുള്ള ഒരു വലിയ ന്യൂനത ഇംഗ്ലീഷ് വാക്കുകളെ ഉച്ചരിക്കുന്നതിനായി വായ് വേണ്ടവിധം തുറക്കാതെ ശബ്ദത്തെ പുറത്തേക്കു വിടുന്നുവെന്നുള്ളതാണ്. നാവിനെയും അധരോഷ്ഠങ്ങളെയും വളച്ചും, മറിച്ചും, തിരിച്ചും, ചരിച്ചും ഉച്ചരിക്കേണ്ട വാക്കുകൾ ഇംഗ്ലീഷിൽ ഒട്ടും കുറവല്ല. ഇതിനു് പ്രത്യേക പ്രയത്നവും പരിശീലനവുമാവശ്യമാണ്. ശ്രീ റ്റി. കെ. ജോസഫ് "അപ്നാദേശ്" (Oct. 24, 1956) എന്ന വാരികയിൽ Rod, Road എന്ന രണ്ടിംഗ്ലീഷ് വാക്കുകളുടെ ഉച്ചാരണവ്യത്യാസത്തെ മലയാളത്തിലെഴുതിക്കാണിക്കുവാനുള്ള വൈഷമ്യത്തെക്കുറിച്ച് ഇങ്ങനെയെഴുതിയിരിക്കുന്നു. "Road, Rod എന്ന രണ്ടിംഗ്ലീഷ് വാക്കുകളും മലയാളത്തിൽ 'റോഡ്' എന്നെഴുതാനേ പാങ്ങുള്ളു. എന്തു കഷ്ടം." * ഈ ലേഖകന്റെ അഭിപ്രായത്തിൽ Rod, Road എന്ന ശബ്ദങ്ങളുടെ ഉച്ചാരണവ്യത്യാസത്തെ മലയാളത്തിലെഴുതിക്കാണിക്കുവാനൊരുവിധം സാധിക്കും (No. 79 കാണുക) എന്നാൽ ശരിയായ വിധം മലയാളത്തിലെഴുതിക്കാണിക്കുവാൻ സാദ്ധ്യമല്ലാത്ത ഉച്ചാരണം ഇംഗ്ലീഷ്ഭാഷയിലൊട്ടും കുറവല്ല.

1. ഉദാഹരണമായി "A" എന്ന ഇംഗ്ലീഷ് സ്വരത്തെത്തന്നെയെടുക്കാം. ഇംഗ്ലീഷിൽ ഈ "A" ക്കു പല ഉച്ചാരണങ്ങളുണ്ട്. Father, Fate. Fall, Fat, Any, Water എന്നീ വാക്കുകളിലെ "A" യുടെ ഉച്ചാരണം പരസ്പരബന്ധമില്ലാത്ത വിധം വിഭിന്നമാണ്. അവയിലൊന്ന് ചന്ദ്രക്കലയോടുകൂടി ഇംഗ്ലീഷ് നിഘണ്ടുവിൽ കാണുന്ന (Oxford Pocket Dictionary കാണുക.) "ă" യാണ്. ഈ "ă" യുടെ ശരിയായ ഉച്ചാരണത്തെ എഴുതിക്കാണിക്കുവാൻ മലയാളത്തിൽ നമുക്കു ലിപിയില്ല. അറിയാവുന്നവരിൽനിന്ന് ശ്രവിച്ചുതന്നെ പഠിക്കേണ്ട ഒന്നാണത്. C–ă–t എന്ന ശബ്ദത്തെത്തന്നെയുദാഹരണമായിട്ടെടുക്കാം. ഉച്ചാരണസങ്കേതാനുസാരം ഈ വാക്കിലെ "ă" യുടെ ഉച്ചാരണം തന്നെയാണ് M–ă–t, M–ă–n, F–ă–t, F–ă–n മുതലായ വാക്കുകളിലെ ă ക്കുമുള്ളത്. എന്നാൽ C–ă–t യെ "ക്യാറ്റ്" എന്ന് പ

---

* ഈ ഗ്രന്ഥത്തിന്റെ കയ്യെഴുത്തു പ്രതി തയാറായപ്പോഴേക്കും Sept. 11, 1957-ലെ "അപ്നാദേശി"ൽ പ്രസിദ്ധപ്പെടുത്തിയിരുന്ന ഒരു ലേഖനത്തിൽ ശ്രീ റ്റി. കെ. ജോസഫ് ഇങ്ങനെയെഴുതിയിരിക്കുന്നു. "Joseph ലെ ഓ നമ്മുടെ ഓടയിലെ ഓ അല്ല; ഓടിയിലെ ഓ ആണ്. ഇതിന് ഏകദേശം ഒഉ (ou) ന്റെ ഉച്ചാരണമാണുള്ളത്."

ലരും ഉച്ചരിക്കാറുണ്ട്. അതു ശരിയാണോ? അല്ലെന്നാണ് ഈ ലേഖകന്റെ അഭിപ്രായം. C–ă–t യെ 'ക്യാററ്' എന്നാണ് ഉച്ചരിക്കേണ്ടതെങ്കിൽ M–ă–t യെ 'മ്യാററ്' F–ă–t യെ 'ഫ്യാററ്', M–ă–n നെ 'മ്യാൻ' F–ă–n നെ 'ഫ്യാൻ' എന്നൊക്കെയുച്ചരിക്കേണ്ടിയിരിക്കുന്നു. എന്നാൽ ഇതു ശരിയല്ലെന്ന് ഇംഗ്ലീഷുച്ചാരണത്തിന്റെ പ്രാരംഭപാഠം പഠിച്ചിട്ടുള്ള ഏവൎക്കുമറിയാവുന്നതാണല്ലോ. ഈ "a" യുടെയുച്ചാരണത്തെ ഏതെങ്കിലും തരത്തിൽ മലയാളത്തിലെഴുതിക്കാണിക്കാമോ എന്നു നോക്കാം. "a" യെ ഉച്ചരിക്കുന്നതിന് "അ" യുടെയും "യ്" ഉടെയും പകുതി ആവശ്യമാണെന്ന് സങ്കല്പിച്ചുകൊണ്ട് 'അ' യെ വളരെ അവ്യക്തമാക്കി, അതായതു് വായ് ശരിയായി തുറക്കാതെ വളരെ അവ്യക്തമായ ഒരു 'യ്' കൂടെ ചേൎത്തുകൊണ്ട് ഉച്ചരിച്ചാൽ "ă" യുടെ ഏതാണ്ടുച്ചാരണമാകുമെന്നു തോന്നുന്നു. ഈ സങ്കല്പത്തോടുകൂടി C–ă–t യെ ഉച്ചരിക്കയാണെങ്കിൽ, അതു മലയാളത്തിൽ ഇങ്ങനെ എഴുതിക്കാണിക്കാമെന്നു തോന്നുന്നു. 'ക് (ആ്യ്) ററ്' ഇതിനെ 'കായററ്' എന്നുച്ചരിക്കരുതു്. കാരണം: അപ്പോൾ 'ക' യിലെ 'അ' പകുതിയായിട്ടല്ല, പിന്നെയോ, തുറന്ന് പൂൎണ്ണമായും വ്യക്തമായുംതന്നെ ഉച്ചരിക്കപ്പെടും. ഇതിൻപ്രകാരം F–ă–t = ഫ് (ആ്യ്)ററ് H–ă–t = ഹ് (ആ്യ്) ററ്, F–ă–n = ഫ് (ആ്യ്) ൻ, M–ă–n = മ് (ആ്യ്) ൻ ആദിയായ ശബ്ദങ്ങളെ ഉച്ചരിച്ചുനോക്കുക. "(ആ്യ്)" യുടെ ആവരണചിഹ്നവും ചന്ദ്രക്കലകളും അതിനെ അവ്യക്തമായും അപൂൎണ്ണമായുമാണുച്ചരിക്കേണ്ടതെന്നു കാണിക്കുന്നതിനായി കൃത്രിമമായി ഉപയോഗിച്ചിരിക്കുന്ന ചിഹ്നങ്ങളാണ്. ഈ "(ആ്യ്)" (സ്വരാഘാതരഹിതമായിരിക്കുമ്പോൾ 'അ്യ്') യോടുകൂടി അവ്യക്തമായി ഉച്ചരിക്കേണ്ട "a" ചേൎന്നുള്ള അനവധി സാധാരണവാക്കുകളെ 'ആ' എന്നു വ്യക്തമായി തുറന്ന് തെററായി മലയാളി വിദ്യാൎത്ഥികളുച്ചരിക്കാറുണ്ട്.

ഉദാ:

| | |
|---|---|
| Apple | ആപ്പിൾ (തെററ്)<br>(ആ്യ്) പ്പ്ൾ (ശരി) |
| Have | ഹാവ് (തെററ്)<br>ഹ് (ആ്യ്) വ് (ഫ്) (ശരി) (No. 114 കാണുക) |
| Ham | ഹാം (തെ.)<br>ഹ് (ആ്യ്)ം (ശ.) |
| Has | ഹാസ് (തെ.)<br>ഹ് (ആ്യ്) സ് (ശ.) |
| Cassock | കാസ്സക്ക് (തെ.)<br>ക് (ആ്യ്) സക്ക് (ശ.) |
| That | ദാററ് (തെ.)<br>ദ് (ആ്യ്)ററ് (ശ.) |

2. Cast, Fast, Last, Past മുതലായ വാക്കുകളിലെ "a"യെ 'കാസ്റ്റ്' 'ഫാസ്റ്റ്' എന്നു് 'ആ'യെ തുറന്നുതന്നെയാണുച്ചരിക്കേണ്ടതു്. ഈ ഉച്ചാരണത്തെ Oxford Pocket Dictionary യിൽ അടയാളപ്പെടുത്തിയിരിക്കുന്നതു് (ah) എന്നു് ആവരണചിഹ്നത്തിലാണു്. *

3. "a" യുടെ മറ്റൊരുച്ചാരണം 'എയ്' എന്നാണു്. ഈ ഉച്ചാരണത്തെ നിഘണ്ഡുവിലടയാളപ്പെടുത്തിയിരിക്കുന്നതു് 'a' യുടെ മുകളിൽ ഒരു ന്യൂനചിഹ്നത്തോടു (ദീർഘരേഖയോടു) കൂടിയാണു്. "ā" (ഇംഗ്ലീഷ് ഭാഷയിലെ ആദ്യാക്ഷരമായ "a" യുടെ പേരു് 'എ' എന്നോ "ഏ" എന്നോ അല്ല; 'എയ്' എന്നാണു്.)

| | | | | | |
|---|---|---|---|---|---|
| Age | (ഏയ്ജ്) | Page | (പേയ്ജ്) | Rage | (റേയ്ജ്) |
| Sage | (സേയ്ജ്) | Stage | (സ്റ്റേയ്ജ്) | | |
| Date | (ഡേയ്റ്റ്) | Fate | (ഫേയ്റ്റ്) | Gate | (ഗേയ്റ്റ്) |
| Hate | (ഹേയ്റ്റ്) | Late | (ലേയ്റ്റ്) | Mate | (മേയ്റ്റ്) |

ആദിയായ വാക്കുകൾ ഇതിനുദാഹരണങ്ങളാണു്.

എന്നാൽ മുകളിൽ കൊടുത്തിരിക്കുന്ന ഉദാഹരണങ്ങളിൽനിന്നു് "Age" യിലും "Ate" യിലുമവസാനിക്കുന്ന എല്ലാ വാക്കുകളുടെയുമുച്ചാരണം 'ഏയ്ജ്' എന്നും 'ഏയ്റ്റ്' എന്നുമാണെന്നു് ധരിക്കുന്നതു ശരിയല്ല.

4. ആദ്യമേതന്നെ "age" യിലവസാനിക്കുന്ന വാക്കുകളെയെടുക്കാം. ഇവയെ യാതൊരു ഉച്ചാരണവ്യത്യാസവും കൂടാതെ 'ഏയ്ജ്' എന്നാണു് സാധാരണയായി മലയാളികൾ ഉച്ചരിക്കാറുള്ളതു്. അപ്പോൾ വാക്കിൻെറ സ്വരാഘാതം (accent) അവസാനത്തെ അംശത്തിലേയ്ക്കു് (Syllable) മാറിപോകുന്നതുപോലെയുള്ള പ്രതീതിയാണു് ശ്രോതാക്കൾക്കുണ്ടാകുന്നതു്. എന്നാൽ ഇംഗ്ലീഷിൽ ഇതിനു വിഭിന്നമായ രണ്ടുമൂന്നുച്ചാരണങ്ങളുണ്ടു്. ‡ ഒന്നാമത്തേതു് 'ഇജ്' (ഏയ്ജ് എന്നല്ല) എന്നാണു്. "age" യെ 'ഇജ്' എന്നുച്ചരിക്കേണ്ടതിനു പകരം 'ഏയ്ജ്' എന്നു തെറ്റായിട്ടുച്ചരിക്കപ്പെടാറുള്ള വാക്കുകൾ (സ്വരാഘാതമുള്ള വർണ്ണത്തെ വലിയ അക്ഷരത്തിൽ അടയാളപ്പെടുത്തിയിരിക്കുന്നു.)

---

* ഈ "a" യെ അതായതു് Cast, Last, ആദിയായ വാക്കുകളിലെ "a" യെ 'ആ' എന്നു തുറന്നുച്ചരിക്കാതെ അമേരിക്കർ (ആ°യ°) എന്നുച്ചരിക്കാറുണ്ടു്. ഉദാ: Last ല° (ആ°യ°) സ്റ്റ°.

‡ Cage, Page, Rage, Sage, Stage, Wage ഇത്യാദി ഉച്ചാരണൈകാംശികളായ (Monosyllabic words) ശബ്ദങ്ങളിലെ "age" യുടെ ഉച്ചാരണം "ഏയ°ജ°" എന്നാണെന്നുള്ള വസ്തുത ഇവിടെ വിസ്മരിക്കുന്നില്ല. എന്നാൽ Page, Stage മുതലായ വാക്കുകളെ "പേജ°" "സ്റ്റേജ°" എന്നൊക്കെയുച്ചരിച്ചു കേൾക്കാറുള്ളതു് ശരിയല്ല.

| | ശരി | തെറ്റ് |
|---|---|---|
| AdvAntage | അഡ്വ് (ഫാ) ന്റിജ് | അഡ്വാന്റേയ്ജ് |
| Arbitrage | ആ (ർ) ബിറ്റ്റിജ് | ആർബിറ്റ്റേയ്ജ് |
| | (Cf. no. 110) | |
| Average | (ആ്യ്) വ് (ഫ) റിജ് | ആവറേയ്ജ് |
| | or വ് (ഫ്) റിജ്) | |
| BAggage | ബ് (ആ്യ്) ഗിജ് | ബാഗേയ്ജ് |
| BAndage | ബ് (ആ്യ്) ൻഡിജ് | ബാൻഡേയ്ജ് |
| BEverage | ബേവ് (ഫ) റിജ് | ബെവറേയ്ജ് |
| BOrage | ബോറിജ് or ബഃറിജ് | ബോറേയ്ജ് |
| CAbbage | ക് (ആ്യ്) ബിജ് | കാബേയ്ജ് |
| CArnage | കാ (ർ) ണിജ് | കാർണേയ്ജ് |
| CArriage | ക് (ആ്യ്) രിജ് | കാരിയേജ് |
| CArthage | കാ (ർ) ത് (ഫി) ജ് | കാർത്തേയ്ജ് |
| ClEAvage | ക്ളീവ് (ഫി) ജ് | ക്ളീവേയ്ജ് |
| ConcUbinage | കോൺ (കൊൺ or കൺ) | കൊൺകുബിനേയ്ജ് |
| | ക്യൂബിനിജ് | |
| COttage | കോട്ടിജ് | കോട്ടേയ്ജ് |
| COUrage (Dis-) | കഃറിജ് (ഡിസ്–) | കറേയ്ജ് (ഡിസ്–) |
| CrAnage | ക്രേയ്നിജ് | ക്രെയ്നേയ്ജ് |
| DAmage | ഡ് (ആ്യ്) മിജ് | ഡാമേയ്ജ് |
| DemUrrage | ഡിമഃറിജ് | ഡെമറേയ്ജ് |
| DispArage | ഡിസ്പ് (ആ്യ്) രിജ് | ഡിസ്പരേയ്ജ് |
| DOsage | ഡോ (ഉ) സിജ് (Cf.no.79) | ഡോസേയ്ജ് |
| DOtage | ഡോ (ഉ) ട്ടിജ് | ഡോട്ടേയ്ജ് |
| DrAinage | ഡ്റേയ്നിജ് | ഡ്റെയിനേയ്ജ് |
| Ensilage | എൻസിലിജ് | എൻസിലേയ്ജ് |
| EnvIsage | ഇൻ (or എൻ) വ് (ഫീ) | എൻവിസേയ്ജ് |
| | സിജ് | |
| FOrage | ഫോറിജ് | ഫോറേയ്ജ് |
| FrOntage | ഫ്റഃൺട്ടിജ് | ഫ്റൺട്ടേയ്ജ് |
| GArbage | ഗാ (ർ) ബിജ് | ഗാർബേയ്ജ് |
| HEritage | ഹേരിറ്റിജ് | ഹെറിറ്റേയ്ജ് |
| HErmitage | ഹേ (ർ) മിറ്റിജ് | ഹെർമിറ്റേയ്ജ് |
| HOmage | ഹോമിജ് | ഹൊമേയ്ജ് |
| HOstage | ഹോസ്റ്റിജ് | ഹോസ്റ്റേയ്ജ് |
| Image, Imagery | ഈമിജ്, ഈമിജ്റി | ഇഃമേയ്ജ്, ഇമേയ്ജ്റി |
| KnItage | നൈറ്റിജ് | നൈറ്റേയ്ജ് |
| LAnguage | ല് (ആ്യ്) ങ്ഗ്വിജ് | ലാങ്ഗ്വേയ്ജ് |
| LEverage | ലീവ് (ഫ്) റിജ് | ലെവെറേയ്ജ് |

| | ശരി | തെററ് |
|---|---|---|
| LIneage | ലീനിഇജ് | ലീനിയേജ് |
| LUggage | ലഃഗിജ് | ലഗേജ് |
| MAnage | മ് (ആ്യ്)നിജ് | മാനേജ് |
| MArriage | മ് (ആ്യ്) രിജ് | മാരിയേജ് |
| MEssage | മേസിജ് | മെസ്സേയ്ജ് |
| MIleage | മൈലിജ് | മൈലേജ് |
| MOrtgage | മോഃഗിജ് | മോർട്ട്ഗേയ്ജ് |
| Orphanage | ഓ (ർ) ഫനിജ് | ഓർഫനേയ്ജ് |
| PAckage | പ് (ആ്യ്) ക്കിജ് | പാക്കേയ്ജ് |
| PArentage | പേയ്രൻറിജ് | പേരൻറേയ്ജ് |
| PAssage | പ് (ആ്യ്)സിജ് | പാസ്സേയ്ജ് |
| PAtronage | പ്(ആ്യ്)ററ്റണിജ് or<br>പേയ്ററ്റണിജ്(അപൂർവ്വം) | പെയ്ററ്റണേയ്ജ് |
| PercEntage | പെ(ർ)സേൻറിജ് | പെർസെൻറേയ്ജ് |
| PErsonage | പേ (ർ)സണിജ് | പേഴ്സണേയ്ജ് |
| PIlgrimage | പീൽഗ്രിമിജ് | പിൽഗ്രിമേയ്ജ് |
| PIllage | പീലിജ് (Cf. no. 96) | പില്ലേയ്ജ് |
| PlUmage | പ്ളൂമിജ് | പ്ളൂമേയ്ജ് |
| POrtage | പോ (ർ) ട്ടിജ് | പോർട്ടേയ്ജ് |
| POstage | പോ(ഉ)സ്റ്റിജ് | പോസ്റ്റേയ്ജ് |
| POttage | പോട്ടിജ് | പോട്ടേജ് |
| POUndage | പൌൺഡിജ് | പൌണ്ടേയ്ജ് |
| PrEssage | പ്രേസിജ് | പ്രെസ്സേയ്ജ് |
| PUpillage | പ്യൂപിലിജ് | പ്യൂപ്പില്ലേയ്ജ് |
| RAvage | റ്(ആ്യ്) വ് (ഫി) ജ് | റാവേയ്ജ് |
| RUmmage | റഃമിജ് | റമ്മേയ്ജ് |
| SAlvage | സ്(ആ്യ്)ൽവ്(ഫി)ജ് | സാൽവേയ്ജ് |
| SAUsage | സോസിജ് | സോസേയ്ജ് |
| ScrImmage | സ്ക്രീമിജ് | സ്ക്രിമ്മേയ്ജ് |
| SElvage | സേൽവ് (ഫി) ജ് | സെൽവേയ്ജ് |
| ShOrtage | ഷോ (ർ) ട്ടിജ് | ഷോർട്ടേയ്ജ് |
| StOppage | സ്റ്റോപിജ് | സ്റ്റോപ്പേയ്ജ് |
| StOrage | സ്റ്റോറിജ് | സ്റ്റോ (ഉ) റേയ്ജ് |
| SUffrage | സഃഫ്റിജ് | സഫ്രേയ്ജ് |
| TIllage | ററീലിജ് | ററില്ലേയ്ജ് |
| Usage | യൂസി (z) ജ് | യൂസേയ്ജ് |
| VAntage | വ് (ഫാ) ൻറിജ് | വാൻറേയ്ജ് |
| VAssalage | വ്(ഫ്)(ആ്യ്) സ<br>(or സ്) ലിജ് | വാസ്സലേയ്ജ് |

| | ശരി | തെററ് |
|---|---|---|
| VIcinage | വ്(ഫീ) സിനിജ് | വിസിനേയ്ജ് |
| VIllage | വ് (ഫീ) ലിജ് | വില്ലേയ്ജ് |
| VIllainage | വ് (ഫീ) ലിനിജ് | വില്ലനേയ്ജ് |
| VIntage | വ് (ഫീ) ൻറിജ് | വിൻറേയ്ജ് |
| VIsage | വ് (ഫീ) സിജ് | വിസേയ്ജ് |
| VOltage | വ് (ഫോ) ൾട്ടിജ് | വോൾട്ടേയ്ജ് |
| WAstage | വേയ്സ്റ്റിജ്(Cf. no. 115) | വെയിസ്റ്റേയ്ജ് |

5. അനേകാംശികളായി (Polysyllabic) 'age' യിലവസാനിക്കുന്ന ചുരുക്കം ചില വാക്കുകളെ ഫ്രെഞ്ച് ഭാഷോച്ചാരണ രീതിയനുകരിച്ച് "ആഴ്ഷ്" എന്നാണുച്ചരിക്കേണ്ടതു്. "ആഴ്ഷ്" ലെ അവസാനത്തെ "ഷ്" യെ അല്പം അവ്യക്തമായിട്ടാണുച്ചരിക്കേണ്ടതു്.

| | | |
|---|---|---|
| BAdinage | ബ് (ആ്യ്) ഡിനാഴ്ഷ് | ബാഡിനേയ്ജ് |
| CAmouflage | ക്(ആ്യ്) മു (or മ) ഫ്ളാഴ്ഷ് | കാമുഫ്ളേയ്ജ് |
| CorsAge, (or) COrsage | കോ (ർ) സാഴ്ഷ് | കൊർഃസേയ്ജ് |
| EntourAge | ഓന്തുറാഴ്ഷ് | എൻറുറേയ്ജ് |
| EspionAge / EspIonage | എസ്പ്യുണാഴ്ഷ് (or) എസ്പ്യുണിജ് (or) എസ്പൈയനിജ് (or) ഇസ്പൈയനിജ് | |
| GArage | ഗ് (ആ്യ്) രാഴ്ഷ്, (or) ഗ് (ആ്യ്) രിജ് (or) ഗ് (അ്യ്) രാജ് | |
| MAssage | മ് (ആ്യ്) സാഴ്ഷ് | |
| MIrage, (or) MirAge | മീറാഴ്ഷ് (or) മിറാഴ്ഷ് | |

6. സൂചന: a-g-e യിലവസാനിക്കുന്ന ചുരുക്കം ചില വാക്കുകളുടെ അവസാനത്തെ "e"യെ "ഇ" എന്നുച്ചരിക്കേണ്ടതാകകൊണ്ട് "-age" യുടെ ഉച്ചാരണം 'അജി' എന്നാണ്. (No. 49 കാണുക). ഉദാ:

| | |
|---|---|
| DiAllage | ഡൈ (ആ്യ്) ലഗി or (-ജി) |
| HypAllage (*) | ഹൈപ് (ആ്യ്) ലഗി (or -ജി) |

7. "-ay" യിലവസാനിക്കുന്ന ഏകാംശികളായ (Monosyllabic) വാക്കുകളെ കേരളീയരുച്ചരിക്കാറുള്ളതു് 'ഏണി' എന്നതിലെ

---

(*) "Hypallage" എന്നതു് വ്യാകരണസംബന്ധമായ ഒരു സാങ്കേതിക ശബ്ദമാണ്. ഇതിൻെറ അർത്ഥം "മറിച്ച ചൊല്ലൽ" എന്നാണ്. "The warden was in the garden" എന്നതിനു പകരം "The garden was in the warden എന്നു പറഞ്ഞാൽ അതു് "Hypallage" ആയിരിക്കും.

* "ഏ" യുടെ ഉച്ചാരണത്തോടുകൂടിയാണ്. എന്നാൽ ഈ "ay" യെ 'ഏയ്" എന്നാണുച്ചരിക്കേണ്ടതു്. ഉദാ:

| | ശരി | തെററ് |
|---|---|---|
| Bay | ബേയ് | ബ് (ഏ) |
| Day | ഡേയ് | ഡ് (ഏ) |
| Gay | ഗേയ് | ഗ് (ഏ) |
| Hay | ഹേയ് | ഹ് (ഏ) |
| May | മേയ് | മ് (ഏ) |
| Pay | പേയ് | പ് (ഏ) |
| Ray | റേയ് | റ് (ഏ) |
| Say | സേയ് | സ് (ഏ) |
| Clay | ക്ലേയ് | ക്ല് (ഏ) |
| Flay | ഫ്ളേയ് | ഫ്ള് (ഏ) |
| Play | പ്ലേയ് | പ്ല് (ഏ) |
| Slay | സ്ലേയ് | സ്ല് (ഏ) |
| Stay | സ്റ്റേയ് | സ്റ്റ് (ഏ) |
| Fray | ഫ്രേയ് | ഫ്ര് (ഏ) |
| Pray | പ്രേയ് | പ്ര് (ഏ) |
| Tray | ററ്റേയ് | ററ്റ് (ഏ) |

ഇതുപോലെതന്നെ താഴെ കൊടുത്തിരിക്കുന്ന ശബ്ദങ്ങളുടെ ഉച്ചാരണത്തിലും ഈ വൈകല്യം കടന്നുകൂടാറുണ്ടു്.

| | | |
|---|---|---|
| Able | ഏയ്ബ്ൾ | (ഏ) ബിൾ |
| Cable | കേയ്ബ്ൾ | ക് (ഏ) ബിൾ |
| Fable | ഫേയ്ബ്ൾ | ഫ് (ഏ) ബിൾ |
| Stable | സ്റ്റേയ്ബ്ൾ | സ്റ്റ് (ഏ) ബിൾ |
| Table | റേയ്ബ്ൾ | റ് (ഏ) ബിൾ |

8. "–ege" യിലവസാനിക്കുന്ന വാക്കുകളുടെ ഉച്ചാരണം '(ഏ) ജ്" എന്നല്ല. താഴെ ഉദാഹരണങ്ങളായി കൊടുത്തിരിക്കുന്ന വാക്കുകളിലെ "–ege" യെ 'ഇജ്" എന്നാണുച്ചരിക്കേണ്ടതു്.

| | | |
|---|---|---|
| COllege | കോളിജ് | കോള് (ഏ) ജ് |
| PrIvilege | പ്രിവ് (ഫി) ലിജ് | പ്രിവിലേയ്ജ് |
| SAcrilege | സ് (ആ്യ്) ക്രിലിജ് | സാക്രിലേയ്ജ് |

എന്നാൽ Cortege എന്ന വാക്കിനെ ഉച്ചരിക്കേണ്ട 'കോ (ർ) തെ്യ്ഴ്ഷ്" എന്നാണ്.

---

* 'ഏല' 'ഏണി' ഇവയിലെ 'ഏ' ഒന്നുതന്നെയാണെങ്കിലും, ഇവയുടെ ഉച്ചാരണത്തിനു് വ്യത്യാസമുണ്ടെന്നു് സാവധാനം ഇവയെ ഉച്ചരിച്ചാൽ ഗ്രഹിക്കാവുന്നതാണു്. 'ഏണി'യിലെ 'ഏ'യുടെ ഉച്ചാരണത്തെ '(ഏ)' എന്നു് ആവരണചിഹ്നത്തിൽ കാണിച്ചിരിക്കുന്നു.

9. "–ige" യിലവസാനിക്കുന്ന വാക്കുകളിലെ "–ige" യെ 'ഈജ്' എന്നുച്ചരിക്കുന്നതു ശരിയല്ല.

| | ശരി | തെററ് |
|---|---|---|
| VEstige | വേ് (ഫ) സ്റ്റിജ് | വെസ്റ്റീജ് |
| PrestIge | പ്രെസ്റ്റീഴ്ഷ് | പ്രെസ്റ്റീജ് |

10. "–age" യിലവസാനിക്കുന്ന വാക്കുകളെപ്പററി മുകളിൽ (No. 3) പ്രതിപാദിക്കയിൽ (–ate) യിലവസാനിക്കുന്ന വാക്കുകളെപ്പററി അല്പം സൂചിപ്പിച്ചിരുന്നല്ലോ. അതിനാൽ ഇനി "–ate" യിലവസാനിക്കുന്ന വാക്കുകളെയെടുക്കാം. "–ate" യിലവസാനിക്കുന്ന അനവധി വാക്കുകൾ ഇംഗ്ലീഷ് ഭാഷയിലുണ്ട്. അവയിൽ ചിലതു് നാമരൂപത്തിലും, നാമവിശേഷണരൂപത്തിലും, ക്രിയാരൂപത്തിലും പ്രയോഗിക്കപ്പെടുന്നുണ്ട്. പ്രയോഗവിധമനുസരിച്ച് ഇവയുടെ ഉച്ചാരണത്തിലും വ്യത്യാസം സംഭവിക്കുന്നു. ഈ വ്യത്യാസം മിക്ക കേരളീയരുടെയും ഇംഗ്ലീഷുച്ചാരണത്തിൽ പ്രകടമല്ലെന്നു പറയേണ്ടിയിരിക്കുന്നു. 'എയ്ററ്' എന്നു മാത്രമാണ് ഇവയുടെ ഉച്ചാരണമെന്നാണ് മിക്കവരുടെയും ധാരണ. നാമവിശേഷണരൂപത്തിലും നാമരൂപത്തിലും "–ate" യിലവസാനിക്കുന്ന ശബ്ദങ്ങളുടെ ഉച്ചാരണം മിക്കവാറും 'ഇററ്' എന്നാണ്. ചുരുക്കം ചില ശബ്ദങ്ങളുടെ ഉച്ചാരണം 'അററ്' എന്നുമാണ്. ക്രിയാരൂപത്തിൽ ഇവയുടെ ഉച്ചാരണം എപ്പോഴും 'എയ്ററ്' എന്നാണ്. ചുരുക്കം ചില നാമരൂപങ്ങളുടെ ഉച്ചാരണവും 'എയ്ററ്' എന്നാണ്.

| | | | |
|---|---|---|---|
| Adequate | (നാ. വി.) | (ആ്യ്) ഡികിററ് | ആഡെകേയ്ററ് |
| AffEctionate | ( ,, ) | അഫേക്ഷ് (ക്ഷ) നിററ് | അഫെക്ഷനെയ്ററ് |
| AltErnate | ( ,, ) | ഓൾട്ടേ (ർ) ണിററ് | ഓൾട്ടെർണേയ്ററ് |
| ApOstolate | ( നാ. ) | അപ്പോസ്റ്റ (സ്റ്റൊ) ലിററ് (ലെയ്ററ്) | |
| BAccalAUreate | ( ,, ) | ബ് (ആ്യ്) ക്കലോറിഇററ് | |
| CElibate | (നാ. വി.) | സേലിബി (ബ) ററ് | സെലിബേയ്ററ് |
| ChOcolate | ( നാ. ) | ചോക്കളിററ് | ചോക്കലെയ്ററ് |
| CompAssionate | (നാ. വി.) | കംപ് (ആ്യ്) ഷ്നി (ഷനി) ററ് | കംപാഷ്യനെയ്ററ് |
| ConsIderate | ( ,, ) | കൺസീഡറിററ് | കൺസിഡറെയ്ററ് |
| DElicate | ( ,, ) | ഡേലിക്കിററ് | ഡെലിക്കേയ്ററ് |
| DEsperate | ( ,, ) | ഡേസ്പറിററ് | ഡെസ്പരെയ്ററ് |
| DOctorate | ( നാ. ) | ഡോക്ടററിററ് | ഡോക്ടറെയ്ററ് |
| ElEctorate | ( ,, ) | ഇലേക്ടററിററ് | എലക്ടറെയ്ററ് |
| FOrtunate | (നാ. വി.) | ഫോ (ർ) ച്ച്നിററ് | ഫോർച്ചുനെയ്ററ് |
| IllIterate | ( ,, ) | ഇലീററിററ് | ഇല്ലിററെയ്ററ് |

| | | ശരി | തെറ്റ് |
|---|---|---|---|
| MAgistrate | ( നാ. ) | മ് (ആ്യ്) ജിസ്റ്റ്റിറ്റ് (സ്റ്റ്റെയിറ്റ്, or സ്റ്റ്റ്റ്) | മജിസ്റ്റ്രേറ്റ് |
| MAndate | ( ,, ) | മ് (ആ്യ്) ൻഡെ യ്റ്റ് (ഡിറ്റ്) | മണ്ടേയ്റ്റ് |
| PontIficate | ( ,, ) | പോൻറ്റീഫിക്കിറ്റ് | പൊൻറിഫിക്കേയ്റ്റ് |
| PrImate | ( ,, ) | പ്രൈമിറ്റ് | പ്രൈമെയ്റ്റ് |
| PrIvate | (നാ. വി.) | പ്രൈവിറ്റ് | പ്രൈവറ്റ് |
| SUlphate | ( നാ. ) | സൽഫെയ്റ്റ് (ഫിറ്റ്) | |
| SYndicate | ( ,, ) | സീൻഡിക്കിറ്റ് | സിൻഡിക്കേറ്റ് |
| Ultimate | (നാ. വി.) | അഃൽട്ടിമിറ്റ് | അൽട്ടിമെയ്റ്റ് |

11. ഒരേ ഒരു ശബ്ദംതന്നെ നാമം, നാമവിശേഷണം, ക്രിയ എന്നീരൂപങ്ങളിൽ പ്രയോഗിക്കപ്പെടുന്നുണ്ടെന്നുള്ളതു് ഇംഗ്ലീഷ് ഭാഷയ്ക്കുള്ള ഒരു വിശേഷമാണ്. എന്നാൽ ഈ പ്രയോഗവൈവിധ്യമനുസരിച്ചു് അവയ്ക്കുച്ചാരണവ്യത്യാസവും വന്നുകൂടുന്നു. താദൃശ ശബ്ദങ്ങൾ ഇംഗ്ലീഷ് ഭാഷയിൽ ഒട്ടും അസുലഭമല്ല. "-ate" യിലവസാനിക്കുന്നവയും, അൎത്ഥാനുസരണം ഉച്ചാരണവ്യത്യാസമുള്ളവയുമായ കുറെ ശബ്ദങ്ങളെ താഴെ കാണിച്ചിരിക്കുന്നു.

| | | |
|---|---|---|
| ApprOpriate | (നാ. വി.) | അപ്രോ (ഉ) പ്രിഇറ്റ് |
| ApprOpriate | ( ക്രി. ) | അപ്രോ (ഉ) പ്രിഎയ്റ്റ് |
| ApprOximate | (നാ. വി.) | അപ്രോക്സിമിറ്റ് |
| ApprOximate | ( ക്രി. ) | അപ്രോക്സിമെയ്റ്റ് |
| ArtIculate | (നാ. വി.) | ആ (ർ) ട്ടീക്യൂലിറ്റ് |
| ArtIculate | ( ക്രി. ) | ആ (ർ) ട്ടീക്യൂലെയ്റ്റ് |
| CertIficate | ( നാ. ) | സറ്റീ (സേ (ർ) റ്റീ) ഫിക്കിറ്റ് |
| CertIficate | ( ക്രി. ) | സറ്റീ (സേ (ർ) റ്റീ) ഫിക്കെയ്റ്റ് |
| CompAssionate | (നാ. വി.) | കംപ് (ആ്യ്) ഷ്നി (ഷനി) റ്റ് |
| CompAssionate | ( ക്രി. ) | കംപ് (ആ്യ്) ഷനെയ്റ്റ് |
| ConfEderate | (നാ. വി.) | കൺ (കൊൺ) ഫേഡറിറ്റ് |
| ConfEderate | ( ക്രി. ) | കൺ (കൊൺ) ഫേഡറെയ്റ്റ് |
| ConsUmmate | (നാ. വി.) | കൺസഃമിറ്റ് |
| COnsummate | ( ക്രി. ) | കോൺസമെയ്റ്റ് |
| DElegate | ( നാ. ) | ഡേലിഗി (ഗെയ്, ഗ) റ്റ് |
| DElegate | ( ക്രി. ) | ഡേലിഗെയ്റ്റ് |
| DelIberate | (നാ. വി.) | ഡിലീബറിറ്റ് |
| DelIberate | ( ക്രി. ) | ഡിലീബറെയ്റ്റ് |
| DEsolate | (നാ. വി.) | ഡേസൊ (സ, സ്) ലിറ്റ് |
| DEsolate | ( ക്രി. ) | ഡേസൊ (സ) ലെയ്റ്റ് |

| | | |
|---|---|---|
| ElAborate | (നാ.വി.) | ഇല് (ആ്യ്) ബറിററ് |
| ElAborate | ( ക്രി. ) | ഇല് (ആ്യ്) ബറെയ്ററ് |
| InEbriate | (നാ.വി.) | ഇനീബ്രിഇ (ബ്രിഅ) ററ് |
| InEbriate | ( ക്രി. ) | ഇനീബ്രിഎയ്ററ് |
| LegItimate | (നാ.വി.) | ലിജീററിമിററ് |
| LegItimate | ( ക്രി. ) | ലിജീററിമെയ്ററ് |
| PrEdicate | ( നാ. ) | പ്രീഡിക്കിററ്, പ്രെഡിക്കിററ്, |
| PrEdicate | ( ക്രി. ) | പ്രെഡിക്കെയ്ററ് |
| SEparate | (നാ.വി.) | സേപ്റിററ്, സേപറിററ് |
| SEparate | ( ക്രി. ) | സേപറെയ്ററ് |

12. നിഘണ്ഡുവിൽ ചില വാക്കുകളിലെ "a" യുടെ മുകളിൽ ദീർഘരേഖയും, ചന്ദ്രക്കലയുമൊന്നിച്ചു കണ്ടെന്നുവരാം. അങ്ങനെയുള്ള വാക്കുകളെ രണ്ടു പ്രകാരത്തിലുമുച്ചരിക്കാമെന്നാണ് ഇതിൽനിന്നു മനസ്സിലാക്കേണ്ടതു്.

ഉദാ:

PAtron (–ness) { പേയ്ററ്റൺ (–ണിസ്)<br>പ് (ആ്യ്) ററ്റൺ (–ണിസ്)

PAtronize { പേയ്ററ്റൈണൈസ് (z)<br>പ് (ആ്യ്) ററ്റൈണൈസ് (z)

RAtion { റേയ്ഷൻ<br>റ് (ആ്യ്) ഷൻ

13. ഇംഗ്ലീഷ് ഭാഷയിലെ "a" യുടെ ഉച്ചാരണമായിരുന്നല്ലോ ഇതുവരെയും നമ്മുടെ പ്രതിപാദ്യവിഷയം. Oxford Pocket Dictionary യിലൂടെ കണ്ണോടിക്കുകയാണെങ്കിൽ യാതൊരു ഉച്ചാരണചിഹ്നവും കൂടാതെയുള്ള "a" യെ ചില വാക്കുകളിൽ കാണുവാൻ സാധിക്കും. "Ago", "Again", "Against", "Particular", മുതലായ വാക്കുകളിലെ "a" യ്ക്കു പ്രത്യേകമായ ഉച്ചാരണചിഹ്നമില്ല. ഈ "a" യെ എങ്ങനെയാണുച്ചരിക്കേണ്ടതു്? "എഗോ", "എബൌട്ട്", "എഗേയിൻ" എന്നുംമററും സാധാരണയായി ഈ വാക്കുകളുച്ചരിക്കപ്പെടാറുണ്ടെങ്കിലും നിഘണ്ഡുവിൻപ്രകാരം (Cf. Oxford Pocket Dictionary, Pg. viii, Par. 2) ഈ വാക്കുകളിലെ "a" യ്ക്കു വളരെ അസ്പഷ്ടമായ (Indeterminate) ഒരു ഉച്ചാരണമാണുള്ളതു്. "എ" യുടെയും "അ" യുടെയും മദ്ധ്യത്തിലുള്ള ഈ അവ്യക്ത സ്വരത്തിന്റെ ഉച്ചാരണം മലയാളത്തിലെഴുതിക്കാണിക്കുക അസാദ്ധ്യംതന്നെ. "a" യുടെ കാര്യത്തിൽ മാത്രമല്ല, "e" "o" എന്ന സ്വരങ്ങൾക്കും, അതായതു് ഇവയ്ക്കു പ്രത്യേകമായ ഉച്ചാരണചിഹ്നമൊന്നുമില്ലാത്തപ്പോൾ ഈ അവ്യക്തോച്ചാരണമാണുള്ളതു്.

**14.** ഇംഗ്ലീഷ് ഭാഷയിൽ ഒരേ ഒരു വാക്കുതന്നെ വിവിധാർത്ഥങ്ങളിൽ പ്രയോഗിക്കപ്പെടുമ്പോൾ ഉച്ചാരണവും മാറിപ്പോകുന്നുവെന്നു് മുകളിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. (Cf. No. 11). "ate" യിലവസാനിക്കുന്ന വാക്കുകൾക്കുദാഹരണമാണല്ലോ നാം അവിടെ കണ്ടതു്. അർത്ഥാനുസരണം ഉച്ചാരണവും മാറുന്ന മററു ചില വാക്കുകളെക്കൂടെ ഉദാഹരണത്തിനെടുക്കാം:

| | | |
|---|---|---|
| Absent | (നാ. വി.) | (ആ്യ്) ബ്സെൻറ് |
| AbsEnt | ( ക്രി. ) | (അ്യ്) ബ്സേൻറ് |
| Abstract | (നാ. വി.) | (ആ്യ്) ബ്സ്റ്ററ് (അ്യ്) ക്ററ് |
| AbstrAct | ( ക്രി. ) | (ആ്യ്) ബ്സ്റ്റ്റ് (ആ്യ്) ക്ററ് |
| Attribute | ( നാ. ) | (ആ്യ്) ററ്റിബ്യൂട്ട് |
| AttrIbute | ( ക്രി. ) | അററ്റിബ്യൂട്ട് |
| COllect * | ( നാ. ) | കോളിക്ററ് |
| CollEct | ( ക്രി. ) | കളേക്ററ് |
| COnduct | ( നാ. ) | കോൺഡക്ററ് ("കോൺഡെക്ററ്" എന്നുച്ചരിക്കുന്നതു ശരിയല്ല) |
| CondUct | ( ക്രി. ) | കൺഡഃക്ററ് |
| COnfine | ( നാ. ) | കോൺഫൈൻ |
| ConfIne | ( ക്രി. ) | കൺഫൈൻ |
| COnflict | ( നാ. ) | കോൺഫ്ളിററ് |
| ConflIct | ( ക്രി. ) | കൺഫ്ളീക്ററ് |
| COnsort | ( നാ. ) | കോൺസോ (ർ) ട്ട് |
| ConsOrt | ( ക്രി. ) | കൺസോ (ർ) ട്ട് |
| COntest | ( നാ. ) | കോൺടെസ്റ്റ് |
| ContEest | ( ക്രി. ) | കൺടേസ്റ്റ് |
| COntract | ( നാ. ) | കോൺട്ര് (ആ്യ്) ക്ററ് |
| ContrAct | ( ക്രി. ) | കൺട്ര് (ആ്യ്) ക്ററ് |
| COntrast | ( നാ. ) | കോൺട്രാസ്റ്റ് (or കോൺട്ര് (ആ്യ്) സ്റ്റ് |
| ContrAst | ( ക്രി. ) | കൺട്ര് (ആ്യ്) സ്റ്റ് (or കൊൺട്ര് (ആ്യ്) സ്റ്റ് |
| COnvert | ( നാ. ) | കോൺവേ് (ഫ) (ർ) ട്ട് |
| ConvErt | ( ക്രി. ) | കൺവേ് (ഫ) (ർ) ട്ട് |
| COnvict | ( നാ. ) | കോൺവ് (ഫി) ക്ററ് |
| ConvIct | ( ക്രി. ) | കൺവ് (ഫീ) ക്ററ് |
| DesErt | (നാ. ക്രി.) | ഡിസേ (ർ)(z) ട്ട് (Cf. No. 116) |
| DEsert | ( നാ. ) | ഡേസ (z) ട്ട് = മരുഭൂമി |

* "സാംഘാതികം" എന്നു് ശ്രീ. ഐ. സി. ചാക്കോ വിവർത്തനംചെയ്തിട്ടുള്ള ഈ വാക്കിൻെറ അർത്ഥം 'കൂട്ടപ്രാർത്ഥന' എന്നാണു്.

| | | |
|---|---|---|
| Envelope | ( നാ. ) | ഏൻ / ഓൻ } വ് (ഫി) ലോ (ഉ) പ് |
| EnvElop | ( ക്രി. ) | ഇൻ / എൻ } വേ് (ഫ) ലപ് |
| Expert | ( നാ. ) | ഏക്സ്പേ (ർ) ട്ട് |
| ExpErt | (നാ. വി.) | ,, or എക്സ്പേ(ർ)ട്ട് |
| FErment | ( നാ. ) | ഫേ (ർ) മെന്റ് |
| FermEnt | ( ക്രി. ) | ഫേ (ർ) മേന്റ് |
| Impact | ( നാ. ) | ഈംപ് (ആ്യ്) ക്റ്റ് |
| ImpAct | ( ക്രി. ) | ഇംപ് (ആ്യ്) ക്റ്റ് |
| Import | ( നാ. ) | ഈംപോ (ർ) ട്ട് |
| ImpOrt | ( ക്രി. ) | ഇംപോ (ർ) ട്ട് |
| Impress | ( നാ. ) | ഈംപ്രെസ് |
| ImprEess | ( ക്രി. ) | ഇംപ്രേസ് |
| Imprint | ( നാ. ) | ഈംപ്രിന്റ് |
| ImprInt | ( ക്രി. ) | ഇംപ്രീന്റ് |
| Object | ( നാ. ) | ഓബ്ജിക്റ്റ് (–ജെക്റ്റ്) |
| ObjEct | ( ക്രി. ) | അബ്ജേക്റ്റ് (or ഒബ്–) |
| PErfect | ( നാ. ) | പേ(ർ) ഫിക്റ്റ് |
| PerfEct | ( ക്രി. ) | പേ (ർ) ഫേക്റ്റ് |
| PErmit | ( നാ. ) | പേ(ർ) മിറ്റ് |
| PermIt | ( ക്രി. ) | പേ (ർ) മീറ്റ് |
| PrEfix | ( നാ. ) | പ്രീഫിക്സ് |
| PrefIx | ( ക്രി. ) | പ്രിഫീക്സ് |
| PrEsent | (നാ.; നാ. വി.) | പ്രേസ്(z) ന്റ് (or –സന്റ്) |
| PresEnt | ( ക്രി. ) | പ്രിസേ (z) ന്റ് |
| PrOceeds | ( നാ. ) | പ്രോ (ഉ) സീഡ്സ് |
| ProcEEd | ( ക്രി. ) | പ്ര or പ്രൊ സീഡ് (z) |
| PrOduce | ( നാ. ) | പ്രോഡ്യൂസ് |
| ProdUce | ( ക്രി. ) | പ്രഡ്യൂസ് |
| PrOject | ( നാ. ) | പ്രോജെക്റ്റ് (or –ജിക്റ്റ്) |
| ProjEct | ( ക്രി. ) | പ്രജേക്റ്റ് |
| PrOtest | ( നാ. ) | പ്രോ (ഉ) ടെസ്റ്റ് |
| ProtEst | ( ക്രി. ) | പ്രട്ടേസ്റ്റ് |
| REbel | ( നാ. ) | റേബ്ൽ |
| RebEl | ( ക്രി. ) | റിബേൽ |
| REcord | ( നാ. ) | റേക്കോ (ർ) ഡ് |
| RecOrd | ( ക്രി. ) | റിക്കോ (ർ) ഡ് |
| REfuse | ( നാ. ) | റേഫ്യൂസ് |
| RefUse | ( ക്രി. ) | റിഫ്യൂസ് (z) |

SUbject (നാ.;നാ.വി.) സബ്ജിക്റ്റ് (or –ജെക്റ്റ്)
SubjEct ( ക്രി. ) സബ്ജേക്റ്റ്
TOrment ( നാ. ) റോ (ർ) മെൻറ്
TormEnt ( ക്രി. ) റോ (ർ) മേൻറ്

സ്ഥാലീപുലാകന്യായേന കുറെ വാക്കുകളെ ഉദാഹരണമായി ട്ടെടുത്തു കാണിച്ചുവെന്നേയുള്ളൂ. ഇങ്ങനെയുള്ള അനവധി വാക്കുകൾ ഇംഗ്ലീഷ് ഭാഷയിലുണ്ട്.

15. "–ace" യിലവസാനിക്കുന്ന ചില ശബ്ദങ്ങളിലെ "–ace" യുടെ ഉച്ചാരണം 'എയ്സ്' എന്നോ 'അസ്' എന്നോ അല്ല. ഇതിൻെറ ശരിയായ ഉച്ചാരണം 'ഇസ്' എന്നാണ്. ഉദാ:

FUrnace ഫേ (ർ) ണിസ് ✻
NEcklace നേക്ക്ലിസ്
PrEface പ്രേഫിസ് (or –ഫസ്)
SUrface സേ (ർ) ഫിസ്

16. സ്വരദ്വയങ്ങളായ "æ" "œ" (Diphthongs) ചേർന്നുള്ള ഇംഗ്ലീഷ് വാക്കുകളെ 'ഏ' എന്നുച്ചരിക്കുന്നതു് അബദ്ധമാണ്. ലത്തീൻ ഭാഷയിൽ ഇവയുടെ ഉച്ചാരണം 'ഏ' എന്നാകയാൽ ലത്തീൻ പഠിക്കുന്ന വിദ്യാർത്ഥികൾ ഈ സംയുക്തസ്വരങ്ങൾ ചേർന്നുള്ള ഇംഗ്ലീഷ് വാക്കുകളെയും 'ഏ' എന്നുച്ചരിക്കാറുണ്ട്. ഇംഗ്ലീഷ് ഭാഷയിൽ ഇവയുടെ ഉച്ചാരണം "ഈ" എന്നാണ്. ഇവ ചേർന്നുള്ള കുറെ വാക്കുകളെ ഉദാഹരണമായിട്ടെടുക്കാം. (ചില സ്ഥല പുരുഷ നാമങ്ങളെയുമിതിലുൾപ്പെടുത്തുന്നു.)

| | ശരി | തെററ് |
|---|---|---|
| AEgis | ഈജിസ് | ഏജിസ് |
| AEneid | ഈനിഇഡ് | ഏനെയിഡ് |
| AEsop | ഈസോപ് | ഏസോപ് |
| AesthEtic | ഈസ്ത് (ഹ്) എററിക് | എസ്തേററിക് |
| Aether | ഈത് (ഹ)ർ (Cf. No. 113) | ഏത്തെർ |
| AEthiOpia | ഈത്ഓ (ഉ) പ്യ | ഏത്തിയോപ്യാ |
| AetiOlogy | ഈററിഓളജി | ഏററിയോളജി |
| AnAEmia | അനീമിഅ | അനേമിയാ |

✻ Furnace ലെ "Fur" നെ "ഫേ (ർ)" എന്നെഴുതുന്നതു ശരിയല്ല. "U" വിൻെറ ഈ ഉച്ചാരണത്തെ എഴുതിക്കാണിക്കുവാൻ നമുക്കു ലിപിയില്ല. "Burn" എന്ന വാക്കിനെ ഉച്ചരിക്കുമ്പോഴും കിട്ടുന്ന 'എ'യോടടുത്ത ഉച്ചാരണമാണിതിനുള്ളതു്.

| | ശരി | തെറ്റ് |
|---|---|---|
| AnaesthEsia (–tic) | (അ്യ്) നിസ്ത് (ഹീ) സ്യ | അനെസ്തേസ്യാ |
| AlcAEus | (അ്യ്) ൽസീഅസ് | |
| AlphAEus | (അ്യ്) ൽഫീഅസ് | അൽഫേഉസ് |
| ArimathAEa | (അ്യ്) രിമത് (ഹീ) അ | അരിമത്തേയാ |
| AristAEus | (അ്യ്) രിസ്റ്റീഅസ് | |
| ArchaeOlogy | ആ (ർ) ക്കിഓളജി | |
| AthenAEum | (അ്യ്) ത് (ഹി) നീഅം | അത്തനേയം |
| CAEsar | സീസർ | |
| CaesarEa | സീസറീഅ | ചെസറെയാ |
| COEnobite | സീനൊ (ന) ബൈററ് | |
| CrOEsus | ക്രീസസ് | |
| DiarrhOEa | ഡൈഅറീഅ | ഡയറിയാ |
| FOEtus | ഫീററസ് | |
| HyAEna | ഹൈഈന | |
| JudAEa | ജൂഡീഅ | ജുഡെയാ |
| MediAEval | മെ (മീ) ഡിഈവ് (ഫ) ൽ | മെഡിയേവൽ |
| OecumEnical | ഈക്യൂമേനിക്കൽ | എക്യൂമേനിസ്റ്റൽ |
| OEdipus | ഈഡിപ്പസ് | |
| OesOphagus | ഈസോഫഗസ് | |
| OEstrum | ഈസ്റ്ററം | |
| PAEan | പീഅൻ | |
| PaedobAptism | പീഡബ് (ആ്യ്) പ്ററിസ് (z) ം | |
| PhoenIcian | ഫീനീഷ്യൻ | ഫെനീഷ്യൻ |
| PhOEnix | ഫീനിക്സ് | |
| PrAEtor | പ്രീററ (ർ) | |
| ZachAEus * | സ് (z) (അ്യ്) ക്കീഅസ് | സക്കേയൂസ് |

**17.** Gain, Pain, Bait മുതലായ വാക്കുകളിലെ 'ai' യുടെ ഉച്ചാരണം 'എയ്' എന്നാണെങ്കിലും 'ai' യുടെ ഉച്ചാരണം ചില ഇംഗ്ലീഷ് വാക്കുകളിൽ 'എയ്' എന്നല്ല 'ഇ' എന്നാണ്. ഉദാ:

| | | |
|---|---|---|
| BArgain | ബാ (ർ) ഗിൻ | ബാർഗെയിൻ |
| BOAtswain | ബോ (ഉ) സ്ൻ (or: ബോ (ഉ) ട്ട്സ്വെയ്ൻ) | |
| CAptain | ക് (ആ്യ്) പ്ററിൻ | ക്യാപ്ററൻ |

* സ്വരദ്വയസഹിതമായ (Diphthong) വാക്കുകളുടെ ഉച്ചാരണത്തിൽ മാത്രമേ ഇതു വാസ്തവമാകൂ. Co-efficient, Coercion മുതലായ വാക്കുകളിൽ 'oe' സംയുക്തസ്വരമല്ല.

| | ശരി | തെററ് |
|---|---|---|
| ChAmberlain | ചെയ്ംബലിൻ | ചെയിംബർലെയിൻ |
| ChAplain | ച് (ആ്യ്) പ്ലിൻ | ചാപ്ലെയിൻ |
| ChIEftain | ചീഫ്ററൻ(or –ററിൻ) | ചീഫ്റെറയിൻ |
| CUrtain | കേ(ർ)ട്ട്ൻ, (or ട്ടൻ, or ട്ടിൻ) | കർട്ടൻ |
| FOUntain | ഫൌൺററിൻ | ഫൗണ്ടൻ |
| MOUntain | മൌൺററിൻ | മൌണ്ടൻ |
| PlAntain | പ്ല് (ആ്യ്) ൻററിൻ (or പ്ലാ–) | |
| POrcelain | പോ (ർ) സ്ലിൻ | പോർസ്ലെയിൻ |
| POrtrait | പോ (ർ) ട്ട്ററിററ് | പോർട്ട്റെറയിററ് |
| QUIntain | ക്വീൻററിൻ | ക്വിൻറെറയിൻ |
| VIllain | വ് (ഫി) ലൻ (or –ലിൻ) | വില്ലൻ |

18. "Al–" ൽ തുടങ്ങുന്നവയും അവസാനിക്കുന്നവയുമായ ചില ഇംഗ്ലീഷ് വാക്കുകളെ മലയാളികൾ തെററായിട്ടുച്ചരിക്കാറുണ്ട്. "Al–"ൽ തുടങ്ങുന്നവ:

| | | |
|---|---|---|
| Algebra | (ആ്യ്) ൽജിബ്ര | ആൾജിബ്രാ |
| Almanac | ഓൾമന് (അ്യ്) ക് | അൽമനാക്ക് |
| Altitude | (ആ്യ്) ൽററിററ്യൂഡ് | ആൾട്ടിററ്യൂഡ് |
| Altruism | (ആ്യ്) ൽററ്റൂഇസ്(z)ം | ആൾട്രൂഇസം |

"–al" ൽ അവസാനിക്കുന്നവ:

| | | |
|---|---|---|
| Admiral | (ആ്യ്) ഡ്മരൽ | അഡ്മിരാൾ |
| GEneral | ജേന്റൽ | ജെനറാൾ |
| MIssal | മീസൽ | മിസ്സാൾ |
| PrIncipal | പ്രീൻസിപ്പൽ | പ്രിൻസിപ്പാൾ |

18 (a) "Al" നെപ്പററി പറയുകയിൽ "–ald" യിൽ അവസാനിക്കുന്ന ഒന്നുരണ്ടു വാക്കുകളാണ് ഓർമ്മയിൽ വരുന്നത്.

| | | |
|---|---|---|
| Emerald | എമറൽഡ് | എമറാൾഡ് |
| HErald | ഹേറൽഡ് | ഹെരാൾഡ് |

19. "-ard", "–erd", "-od" ഇവയിലവസാനിക്കുന്ന ചില ശബ്ദങ്ങൾ "ആഡ്" "ഏഡ്" എന്നുംമററും തെററായിട്ടുച്ചരിക്കപ്പെടാറുണ്ട്. താഴെ കൊടുത്തിരിക്കുന്ന വാക്കുകളിൽ ചില സ്ഥലപുരുഷനാമങ്ങളുമുൾപ്പെടുന്നു.

| | | |
|---|---|---|
| BAckward | ബ്(ആ്യ്)ക്ക്വ്ഡ് | ബാക്ക്വേഡ് |
| BAstard | ബ് (ആ്യ്) സ്ടഡ് | ബാസ്റ്റാർഡ് |

| | ശരി | തെററ് |
|---|---|---|
| BIlliard | ബീല്യഡ് | ബില്ല്യാഡ് |
| BErnard | ബേണഡ് | ബെർണാർഡ് |
| COstard † | കോസ്റ്റഡ് | |
| CUstard | കഃസ്റ്റഡ് | കസ്റ്റേഡ് |
| COward | കൌഅഡ് | കവേഡ് |
| DAstard | ഡ് (ആ്യ്) സ്റ്റഡ് | ഡാസ്റ്റാഡ് |
| DOtard | ഡോ (ഉ) ട്ടഡ് | ഡോട്ടാർഡ് |
| DOwnward | ഡൌൺവ്വഡ് | ഡൌൺവേഡ് |
| DUllard | ഡഃളഡ് | ഡള്ളേഡ് |
| Edward | എഡ്വ്വഡ് | എഡേ്വർഡ് |
| FOrward | ഫോ (ർ) വ്വഡ് | ഫോർവേഡ് |
| HAlliard, HAlyard | ഹ് (ആ്യ്) ല്യഡ് | ഹല്ല്യാർഡ് |
| HAzard | ഹ് (ആ്യ്) സ (z) ഡ് | ഹസാർഡ് |
| HEriward | ഹേറിവ്വഡ് | ഹെരിവാഡ് |
| HOward | ഹൌവ്വഡ് | ഹവാഡ് |
| HUbbard | ഹഃബഡ് | ഹബേഡ് |
| Inward | ഇൌൻവ്വഡ് | ഇൻവേഡ് |
| LAggard | ല് (ആ്യ്) ഗഡ് | ലഗാഡ് |
| LAyard | ലേയഡ് | ലെയാഡ് |
| LEdward | ലേഡ്വ്വഡ് | ലെഡ്വേഡ് |
| LEdyard | ലേഡ്യഡ് | ലെഡ്യാഡ് |
| LEonard | ലേനഡ് | ലെയൊണാർഡ് |
| LIzard | ലീസ (z) ഡ് | ലിസാർഡ് |
| MAllard | മ് (ആ്യ) ലഡ് | മല്ലാഡ് |
| MUstard | മഃസ്റ്റഡ് | മസ്റ്റേഡ് |
| NIggard | നീഗഡ് | നിഗ്ഗാർഡ് |
| OUtward | ഔട്ട്വ്വഡ് | ഔട്ട്വേഡ് |
| POllard | പോളഡ് | പൊള്ളാഡ് |
| StAndard | സ്റ്റ് (ആ്യ്) ൻഡഡ് | സ്റ്റാൻഡേർഡ്<br>സ്റ്റാൻഡാർഡ് |
| StEward | സ്റ്റ്യൂഅഡ് | സ്റ്റീവാർഡ് |

† Costard apple നെ പലരും Custard apple എന്നെഴുതുകയും "കസ്റ്റേഡ് ആപ്പിൾ" എന്നുച്ചരിക്കുകയും ചെയ്യുകേൾക്കുക അസാധാരണമല്ല. എന്നാൽ അതു ശരിയല്ല. Costard എന്ന പേരുതന്നെ അതിനു ലഭിച്ചിരിക്കുന്നതു് Costa എന്ന ലത്തീൻ ശബ്ദത്തിൽനിന്നാണ്.

**Note**: 'വ്വഡ്' എന്നാണെഴുതിയിരിക്കുന്നതെങ്കിലും 'W' ന്റെ ഉച്ചാരണമാണിതിനുള്ളതെന്നു ധരിച്ചുകൊണ്ടു് അധരോഷ്ഠങ്ങളെ മുമ്പോട്ടുതള്ളിക്കൊണ്ടാണ് "വ്വഡ്" നെ ഉച്ചരിക്കേണ്ടതു്. (Cf. No. 115)

| | ശരി | തെററ് |
|---|---|---|
| TAnkard | ററ് (ആ്യ്) ൻകഡ് | |
| Upward | അപ്വ഻ഡ് | അപ്വേഡ് |
| VIneyard | വ് (ഫീ) ന്യഡ് | വിനിയാർഡ് |
| WAyward | വേ഻യ്വ഻ഡ് | വെയ്വേഡ് |
| WIzard | വ഻ീസ (z) ഡ് | വിസാഡ് |
| MEthod | മേത് (ഹ) ഡ് | മെത്തേഡ് |
| RIchard | റീച്ചഡ് | റിച്ചാർഡ് |
| LEopard | ലേപഡ് | ലെപ്പേഡ് |
| ShEpherd | ഷേപഡ് | ഷെപ്പേഡ് |

20. "-asm" ൽ അവസാനിക്കുന്ന വാക്കുകളെ ഉച്ചരിക്കുമ്പോൾ "-asm" നെ "ആസം" എന്നുച്ചരിക്കുന്നതു ശരിയല്ല "s". നും "m" നും ഇടയ്ക്കു് സ്വരാക്ഷരമൊന്നുമില്ലാത്തതിനാൽ "സ്+അം" എന്നു് "അ" യെ വ്യക്തമായിട്ടുച്ചരിക്കാതെ "സ്ം" എന്നുച്ചരിക്കേണ്ടതാണു്. മാത്രമല്ല, "–asm" ലെ "a" യെ "ആ" എന്നു് ദീർഘമാക്കിയുച്ചരിക്കുന്നതും ശരിയല്ല. "s" നു് "z" ൻെറ ഉച്ചാരണവുമാണുള്ളതു്. ഉദാ.

| | | |
|---|---|---|
| CAtaplasm | ക്(ആ്യ്) ററപ്ല് (അ്യ്) സ്ം (z) | കാററപ്ലാസം |
| ChAsm | ക് (ആ്യ്) സ് (z) ം | കാസം |
| EnthUsiasm | ഇൻത് (ഹ്യൂ) ത്യൂസി (z) (അ്യ്) സ് (z) ം<br>എൻത് (ഹ്ല) തൂസി (അ്യ്സ(z) ം | എന്തുസിയാസം |
| IcOnoclas | ഐക്കോണക്ല് (അ്യ്) സ് (z) ം | ഐക്കൊണക്ലാസം |
| MEtaplasm | മേററപ്ല് (അ്യ്) സ് (z) ം | മെററപ്ലാസം |
| PhAntasm | ഫ്(ആ്യ്) ൻററ് (അ്യ്) സ് (z) ം | ഫൻറാസം |
| PrOtoplasm | പ്രോ(ഉ)ട്ടപ്ല് (അ്യ്) സ് (z) ം | പ്രോട്ടൊപ്ലാസം |
| SArcasm | സാ(ർ)ക്ക്(അ്യ്)സ്(z)ം | സർക്കാസം |

21. "-ature" യിലവസാനിക്കുന്ന ഏതു വാക്കിൻെറയുമുച്ചാരണം 'എയ്ച്ചർ' എന്നാണെന്നു് പല മലയാളികളും ധരിച്ചുവച്ചിട്ടുണ്ടു്. ഇതിൻെറ ഉച്ചാരണം ചില വാക്കുകളിൽ "അച്ച(ർ)" എന്നും, മററു ചില വാക്കുകളിൽ "അച്ച്യൂ (അ) (ർ) എന്നും, വേറെ ചില ശബ്ദങ്ങളിൽ "എയ്ച്ചർ" എന്നുമാണു്. ഉദാ:

| | | |
|---|---|---|
| CAricature (+) | ക് (ആ്യ്) രിക്കറ്റ്യൂ (അ) (ർ) | കാരിക്കേയ്ച്ചർ |

| | ശരി | തെററ് |
|---|---|---|
| CUrvature (+) | കേ (ർ) വ്(ഫ) ച്ച (ർ) | കർവെയ്ച്ചർ |
| LEgislature | ലേജിസ്ലെയ്ച്ച (ർ) | ലെജീസ്ലെയിച്ചർ |
| LIgature (+) | ലീഗച്ചു (ർ) | ലിഗേയ്ച്ചർ |
| LIterature (+) | ലീററ്റിച്ച (ർ) (or –റച്ച (ർ) | ലിറെററേയ്ച്ചർ |
| NomEnclature | നോ (ഉ) മേൻക്ലച്ച (ർ) | നോമെൻക്ലേയ്ച്ചർ |
| NOmenclature | നോ (ഉ) മെൻ (or മൻ) ക്ലെയ്ച്ച (ർ) | |
| NUnciature | നൺഷച്ച്യൂ (ർ) | നൺഷിയേച്ചർ |
| SIgnature | സീഗ്നി (or –ന) ച്ച (ർ) | സിഗ്നെയിച്ചർ |
| StAture (*) | സ്റ്റ് (ആ്യ്) ച്ച (ർ) | സ്റ്റെയിച്ചർ |
| TEmperature | റേറംപ്റി (or –റ) ച്ച (ർ) | റെറംപറെയിച്ചർ |

**22.** ഇനി ഇംഗ്ലീഷ് ഭാഷയിലെ രണ്ടാമത്തെ സ്വരമായ "e" യുടെ ഉച്ചാരണത്തിലേക്കു കടക്കാം. "e" യുടെ ഉച്ചാരണം "എ" എന്നു മാത്രമാണെന്നുള്ള ധാരണയിലാണ് മിക്ക മലയാളികളും "e" ചേർന്നുള്ള വാക്കുകളെ ഉച്ചരിക്കാറുള്ളതു്. എന്നാൽ "e" ക്ക് ഇംഗ്ലീഷ് ഭാഷയിൽ കുറഞ്ഞപക്ഷം വിഭിന്നമായ മൂന്നുച്ചാരണങ്ങളെങ്കിലുമുണ്ട്. "e" എന്ന അക്ഷരത്തെ മുകളിൽ ഒരു ന്യൂനചിഹ്നത്തോടുകൂടി നിഘണ്ഡുവിൽ (Oxford Pocket Dictionary) അടയാളപ്പെടുത്തിയിരിക്കുമ്പോൾ (ē) ഇതിന്റെ ഉച്ചാരണം "ഈ" എന്നും ചന്ദ്രക്കലയോടുകൂടി (ĕ) അടയാളപ്പെടുത്തിയിരിക്കുമ്പോൾ "എ" (സ്വരാഘാതമനുസരിച്ച് "ഏ") എന്നും ബിന്ദുവോടുകൂടി അടയാളപ്പെടുത്തിയിരിക്കുമ്പോൾ (ė) "ഇ" എന്നുമാണ്. ചിഹ്നവിഹീനമായ "a" യുടെ അവ്യക്തോച്ചാരണത്തെപ്പററി പറഞ്ഞതു് ചിഹ്നവിഹീനമായ "e" യുടെ കാര്യത്തിലും സ്മരണീയമാണ്. (Cf. no. 13)

**23.** ആദ്യമായി "e" യെ "ഈ" എന്നുച്ചരിക്കേണ്ടതിനു പകരം "എ" "ഏ" എന്നുംമററും തെററായിട്ടുച്ചരിക്കുന്നതിനുദാഹരണമായി കുറെ വാക്കുകളെയെടുക്കാം. ചില സ്ഥലപുരുഷനാമങ്ങളെയും ഈ വിഭാഗത്തിലുൾപ്പെടുത്തുന്നു.

| | | |
|---|---|---|
| AdhEsive | അഡ്ഹീസിവ്(ഫ്) or (അ്യ്)ഡ്– | അഡ്ഹെസീവ് |
| AmEliorate | അമീലിഅറെയ്റ്റ്– | അമെലിയൊറെയ്റ്റ് |
| ArEna | അറീന | അറെന |

---

(+) വേറെയും ഉച്ചാരണങ്ങളിതിനുണ്ട്.

(*) Oxford Pocket നിഘണ്ഡുവിൻപ്രകാരം ഇതിന്റെ ഉച്ചാരണം "സ്റ്റ് (ആ്യ്) റ്യ(ർ)" എന്നാണ്.

| | ശരി | തെറ്റ് |
|---|---|---|
| AristotElian | (അ്യ്)റിസ്റ്റോട്ടീല്യൻ<br>(or സ്റ്റ–) | അരിസ്റ്റോട്ടേലിയൻ |
| ArmEnia | അ(ർ)മീന്യ (or നിഅ) | അർമേനിയ |
| AristIdes | (അ്യ്)രിസ്റ്റൈഡീസ്(z) | അരിസ്റ്റിഡെസ് |
| AristOphanes | അറിസ്റ്റോഫനീസ് (z) | അരിസ്റ്റോഫനെസ് |
| Athlete | (ആ്യ്) ത് (ഹ്)ലീറ്റ് | അത്ത്ലെറ്റ് |
| AurElian | ഓറീല്യൻ | ഔറേലിയൻ |
| BeatIfic | ബീഅറ്റീഫിക് | ബെയാറ്റിഫിക്ക് |
| BeAtitude | ബീ (ആ്യ്) റ്റിറ്റ്യൂഡ് | ബെയാറ്റിറ്റ്യൂഡ് |
| BlasphEmer | ബ്ല് (അ്യ്) } സ്ഫീമ(ർ)<br>ബ്ലാ | ബ്ലാസ്ഫെമർ |
| CallIsthenes | ക്(അ്യ്)ലിസ്സ് (ഹ)<br>നീസ്(z) (or കലി–) | കല്ലിസ്സനെസ് |
| CEdar | സീഡ(ർ) | സെഡർ |
| CentEnary | സെൻറീനറി | സെൻറനറി |
| ChaldEa | ക് (അ്യ്) ൽഡീഅ | കാൽഡെയാ |
| ClEveland | ക്ലീവ്(ഫ്) ലൻഡ് | ക്ലെവലാൻഡ് |
| CollEgian | കലീജിഅൻ (or കൊ–) | കോളേജിയൻ |
| CrEdence | ക്രീഡൻസ് | ക്രെഡൻസ് |
| CrEdo | ക്രീഡോ (ഉ) | ക്രേഡോ |
| CrEte, CrEtan | ക്രീറ്റ്, ക്രീറ്റൻ | ക്രേറ്റ്, ക്രേറ്റൻ |
| DAmocles | ഡ് (ആ്യ്) മ (or മൊ)<br>ക്ലീസ്– | ഡമോക്ളസ് |
| DEify | ഡീഇഫൈ | ഡേയിഫൈ |
| DEism, DEity | ഡീഇസ്(z)ം, ഡീഇറ്റി | ഡേയിസം, ഡെയിറ്റി |
| DEmon | ഡീമൺ | ഡെമൺ |
| DiabEtes | ഡൈഅബീറ്റീസ് | ഡയബെറ്റീസ് |
| DiOgenes | ഡൈഓജിനീസ് (or<br>–ജനീസ്) | ഡിയോജനസ് |
| Edict | ഈഡിക്റ്റ് | എഡിക്റ്റ് |
| EcclesiAstes | ഇക്ലീസി (ആ്യ്)സ്റ്റീസ് | എക്ലേസിയാസ്റ്റസ് |
| EcclesiAstical | ഇക്ലീസി (ആ്യ്)സ്റ്റിക്കൽ | എക്ലേസിയാസ്റ്റിക്കൽ |
| EconOmic | ഈക്കണോമിക്ക് | എക്കണോ(ഉ) മിക്ക് |
| ElizabEthan | ഇലിസ (z) ബീത് (ഹ) ൻ | എലിസബെത്തൻ |
| Enoch | ഈനോക്ക് | ഏനോക്ക് |
| Esau | ഈസോ | ഏസൌ |
| EvolUtion,<br>–ary, –ism | ഈവ്(ഫ)ല്യൂഷൻ– നറി,<br>–നിസ്(z)ം | എവല്യൂഷ്യൻ etc. |

| | ശരി | തെററ് |
|---|---|---|
| HEdonism | ഹീഡണിസ് (z) ം (or –ഡൊ–) | ഹെഡോണിസം |
| HegElian | ഹിഗീലിഅൻ (or –ജീലി–) | ഹെഗേലിയൻ |
| HErcules | ഹേ (ർ) ക്യൂളീസ് | ഹെർക്കുളെസ് |
| HerEsiarch | ഹെരീസിയാ (ർ) ക് | ഹെരെസിയാർക്ക് |
| HYgiene | ഹൈജീൻ (or ജിഇൗൻ) | |
| IngrEdient | ഇൻഗ്രീഡിഅൻറ് | ഇൻഗ്രേഡിയൻറ് |
| LEver | ലീവ് (ഫ) ർ | ലെവെർ |
| LEvite | ലീവ് (ഫൈ) ററ് | ലെവൈററ് |
| ManichEan | മ് (അ്യ്) നിക്കീഅൻ | മാനിസ്സേയൻ |
| MithridAtes | മിത് (ഹ്റി) ഡേയ്ററീസ് | മിത്രിഡാറെറസ് |
| PEricles | പേരിക്ലീസ് | പെരിക്ലെസ് |
| PlEnary | പ്ളീനറി | പ്ളേനറി |
| PrEcinct | പ്രീസിങ്ക്ററ് | പ്രെസിങ്ക്ററ് |
| PrEmium | പ്രീമ്യം– (–മിഅം) | പ്രേമിയം |
| SecrEtion | സിക്രീഷ്ൻ | സെക്രേഷൻ |
| SOphocles | സോഫക്ലീസ് | സൊഫോക്ലെസ് |
| ThEism | ത് (ഹീ) ഇസ് (z)ം | തേയിസം |

**24.** ബിന്ദുവോടുകൂടിയ "é" യുടെ ഉച്ചാരണം 'ഇ' എന്നാണെന്ന് മുകളിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. (Cf. No. 22) ഈ ഉച്ചാരണം വാക്കിൻെറ ആരംഭത്തിലോ, മദ്ധ്യത്തിലോ, അന്ത്യത്തിലോ സംഭവിക്കാം. ആദ്യമായിതന്നെ വാക്കിൻെറ ആരംഭത്തിൽ "ഇ" എന്നുച്ചരിക്കേണ്ടവയും, എന്നാൽ 'എ' എന്ന് തെററായി ഉച്ചരിക്കപ്പെടുന്നവയുമായ കുറെ വാക്കുകൾക്കുദാഹരണം.

| | | |
|---|---|---|
| EffEct | ഇഫേക്ററ് | എഫെക്ററ് |
| ElEct | ഇലേക്ററ് | എലെക്ററ് |
| ElEctric | ഇലേക്ററിക് | എലക്ററ്റിക്ക് |
| ElEctro– + | ഇലേക്ററ്റ– (ക്ട്രൊ–) | എലെക്േറാ |
| ElEven | ഇലേവ് (ഫ്) ൻ | എലവൻ |
| ElIde | ഇലൈഡ് | എലൈഡ് |
| ElOpe | ഇലോ (ഉ)പ് | എലോപ് |
| ElUcidate | ഇല്യൂ(ല്യൂ)സിഡെയ്ററ് | എലുസിഡേയ്ററ് |
| ElUde | ഇല്യൂ(ല്യൂ)ഡ് | എല്യൂഡ് |
| EmbEllish | ഇംബേലിഷ് | എംബെല്ലിഷ് |
| EmErge | ഇമേ (ർ)ജ് | എമേർജ് |

\+ Electro ചേർന്നുള്ള അനവധി വാക്കുകൾ ഇംഗ്ലീഷിലുണ്ട്. Electro-magnetic, Electrometer, Electrophone, Electrocute മുതലായവ ചില ഉദാഹരണങ്ങൾ മാത്രമാണ്.

| | ശരി | തെററ് |
|---|---|---|
| EmIt | ഇമീററ് | എമിററ് |
| EmOtion | ഇമോ(ഉ)ഷ്ൻ | എമോഷ്യൻ |
| EmUlsion | ഇമൾഷ്ൻ | എമൾഷ്യൻ |
| EnAmel | ഇന് (ആ്യ്) മൽ | എനാമിൽ |
| EnclOse | ഇൻക്ലോ (ഉ) സ് (z) | എൻക്ലോസ് |
| EndEAvour | ഇൻഡേവ് (ഫ) (ർ) | എൻഡെവർ |
| EnOrmity | ഇനോ (ർ) മിററി | എനോർമിററി |
| EnUmerate | ഇന്യൂമറെയ്ററ് | എനുമെറേററ് |
| EnUnciate | ഇനൺഷ്യെയ്ററ് | എനൺഷിയേററ് |
| EpIscopal | ഇപീസ്കപ്പൽ | എപിസ്ക്കോപ്പൽ |
| EpIstle | ഇപീസ്ൽ | എപിസൽ |
| EquAte,-Ation, | ഇക്വേയ്ററ് (–ഷ്ൻ) | എക്വേയ്ററ്(ഷൻ) |
| EquIvalent | ഇക്വീവ്(ഫ)ലൻറ് | എക്വിവലൻറ് |
| EquIvocal | ഇക്വീവ്(ഫ)ക്കൽ | എക്വിവോക്കൽ |
| EquIp | ഇക്വീപ് | എക്വിപ് |
| ErAdicate | ഇറ്(ആ്യ്)ഡിക്കെയ്ററ് | എറാഡിക്കെയ്ററ് |
| ErAse | ഇറെയ്സ് (z) | എറെയ്സ് |
| EscApe | ഇസ്കെയ്പ് | എസ്കെയ്പ് |
| EvAcuate | ഇവ്(ഫ്ആ്യ്)ക്യൂഎയ്ററ് | എവാക്കുഎയ്ററ് |
| EvAde | ഇവ്(ഫ്)എയ്ഡ് | എവെയ്ഡ് |
| EvAngelist | ഇവ്(ഫ്ആ്യ്)ൻജിലിസ്റ്റ് | എവാൻജെലിസ്റ്റ് |
